UNIVERSITY LIBRARY MADRAS

# ലക്ഷ്മീഭായി

പുസ്തകം ൩൧ | ൧൧൧൧ ചിങ്ങം | ലക്കം ൧

## മംഗളം

ലക്ഷ്മീശൻ സർവ്വവർണ്ണങ്ങളെയുമുടലിൽനിന്നുത്ഭവിപ്പിച്ച ദേവൻ
രക്ഷയ്ക്കായ്ത്തന്നെ ദീക്ഷിച്ചമരുമൊരു കൃപാംഭോധി പത്രീന്ദ്രപത്രൻ
അക്ഷീണാനേകവർണ്ണാവലിപരിവിലസൽപത്രവൃന്ദം പെട്ടന്നീ-
'ലക്ഷ്മീഭായി'ക്കു വേണ്ടും നിഖിലഗുണകലാപൂർത്തിയെച്ചേർത്തിടട്ടെ.

കവിസാർവ്വഭൌമൻ കൊ. കൊച്ചുണ്ണിത്തമ്പുരാൻ.

---

## രാമപാണിവാദൻ

കിള്ളിക്കുറിശ്ശിമംഗലം ക്ഷേത്രത്തിൽ കലക്കത്തു കുഞ്ചൻനമ്പ്യാർ പണിയിച്ചതാണെന്നു വിചാരിച്ചുവരുന്ന ബലിക്കല്പുരയുടെ ഒരു കല്ലിന്മേൽ

"ശ്രീബലിപ്രസ്തരശ്ശുംഭോ! ശ്രീശുകാലയവാസിനഃ
രാമേണ പാണിവാദേന കാരിതോ ഭൃതയേൽ ധ്രുവം"

എന്ന ഒരു ശ്ലോകം കാണുന്നതായിപ്പറയുന്നുണ്ട്. ഇതിൽനിന്നു കുഞ്ചൻനമ്പ്യാരുടെ സാക്ഷാൽ പേർ രാമൻ എന്നാണെന്നു പലരും ധരിച്ചുവശായി. ഈ അഭിപ്രായം ആദ്യകാലത്തു പഴയ 'വിദ്യാവിനോദിനി'യും പ

റപ്പെട്ടവിപ്പിച്ചിരുന്നു. പിന്നീട് ആ അഭിപ്രായം തെറ്റാണെന്നും നമ്പ്യാരുടെ പേർ കൃഷ്ണൻ എന്നാണെന്നുള്ളതിലേക്കു ചില ലക്ഷ്യങ്ങൾ കിട്ടിയെന്നും ആ മാസികയിൽത്തന്നെ പ്രസ്താവിച്ചുകണ്ടു. പക്ഷെ കുഞ്ചൻനമ്പ്യാരുടെ പേരിൽ പതിഞ്ഞിരുന്ന അട്ടത്തൂണിനെസ്സംബന്ധിച്ചുള്ള ഉത്തരവുകളിലൊന്നുംതന്നെ കുഞ്ചൻനമ്പ്യാർ എന്നല്ലാതെ രാമനെന്നൊ കൃഷ്ണനെന്നൊ അദ്ദേഹത്തിന്നു പേരുള്ളതായി കാണുന്നില്ല. അതിനാൽ രാമപാണിവാദൻ കുഞ്ചൻനമ്പ്യാരാണെന്നുള്ളതു വെറും ഊഹംമാത്രമാണ്. എന്നാൽ ഇപ്പോഴും ചില പണ്ഡിതന്മാർ ഈ രാമപാണിവാദൻ നമ്പ്യാർതന്നെയാണെന്നും അദ്ദേഹം ആദ്യകാലത്തു സംസ്കൃതകവിതകളാണുണ്ടാക്കിയത് എന്നും തെക്കൻദിക്കുകളിൽ താമസമായതിന്റെ ശേഷമാണ് ഭാഷാകവിതകൾ നിർമ്മിക്കാൻ തുടങ്ങിയതെന്നും 'വിഷ്ണുവിലാസം' മുതലായ സംസ്കൃതകാവ്യങ്ങൾ ഇദ്ദേഹത്തിന്റെ കൃതികളാണെന്നും അഭിപ്രായപ്പെടുന്നുണ്ട്. നമ്പ്യാൎക്കു രാമപാണിവാദൻ എന്നു പേരുണ്ടായിരുന്നൊ ഇല്ലയൊ എന്നുള്ളതിനെപ്പററി ഇവിടെ ചിന്തിക്കേണ്ടതില്ല. വിഷ്ണുവിലാസം കാവ്യത്തിന്റെ കൎത്താവു നമ്പ്യാർതന്നെയാണൊ എന്നാണ് ഒന്നു പരിശോധിക്കേണ്ടത്. വിഷ്ണുവിലാസം കാവ്യത്തിന്റെ കൎത്താവായ രാമപാണിവാദൻ ഒരു നാരായണഭട്ടപാദന്റെ ശിഷ്യനാണെന്നു "കരോതു നാരായണഭട്ടദേശികപ്രസാദനിർദ്ദോഷതുഷാരദീധിതിഃ" എന്ന വാക്യത്തിൽ നിന്നു തെളിയുന്നുണ്ട്. ഈ നാരായണഭട്ടദേശികൻ മേൽപുത്തൂർ നാരായണഭട്ടതിരിപ്പാടാണത്രെ! നമ്പ്യാരേയും ഭട്ടതിരിപ്പാടിനേയും സമാനകാലീനന്മാരാക്കിക്കല്പിച്ച ഈ പണ്ഡിതശിരോമണികൾക്കു വിദ്വന്നമസ്കാ

രംതന്നെ ചെയ്യണം. രാമപാണിവാദനെ ഒരു പ്രാചീനകവിയാക്കിത്തീക്കാനുള്ള ശ്രമങ്ങളാണ് ഇതെല്ലാമെന്നാണ് തോന്നുന്നത്. എന്നാൽ അദ്ദേഹം ൯൨൦-ൻെറയും ൧൦൨൦-ൻെറയും മദ്ധ്യത്തിൽ ജീവിച്ചിരുന്ന ഒരു കവിയാണെന്നാണ് ലക്ഷ്യങ്ങൾകൊണ്ടു കാണുന്നത്. വിഷ്ണുവിലാസം കാവ്യത്തിൻെറ അവസാനത്തിൽ

"ശ്രീമദ്രാമകുബേരനാമസുമതി-
ശ്രീപാലിയശ്രീപതി-
പ്രീതിസ്ഫീതതമോദ്യമേന കലിതം
കേനാപി നാനാരസം
കാവ്യം വിഷ്ണുവിലാസനാമകമലാ-
ജാനേഃ കഥാവണ്ണനം
പൂണ്ണം ഹന്ത! ജയന്തമംഗലമഹാ-
വിഷ്ണോഃ കൃപാനുഗ്രഹാൽ"

എന്ന ഒരു ശ്ലോകം കാണുന്നുണ്ട്. ഇതിൽനിന്ന് ഇദ്ദേഹം ചേന്നമംഗലത്തുവെച്ചാണ് ഈ കാവ്യമുണ്ടാക്കിയതെന്നും പാലിയത്തു രാമൻവലിയച്ചൻെറ ആശ്രിതനായിരുന്നു എന്നും തെളിയുന്നുണ്ട്. ഈ കാവ്യം എഴുതിത്തീത്തത് ൧൦൭൫-ൽ ആണ്. അതിനാൽ ഈ ഗ്രന്ഥം നിമ്മിച്ച കാലവും അതിന്നു സമീപിച്ചുതന്നെ ആയിരിക്കാനേ വഴിയുള്ളു. അല്ലാതിരുന്നാൽ അതിന്നു മുമ്പ് എഴുതിയ വല്ല ഗ്രന്ഥവും പാലിയം ഈട്ടുവെപ്പിൽതന്നെ കാണേണ്ടതായിരുന്നു. അങ്ങിനെ കാണാത്ത അവസ്ഥക്ക് ഈ സംഗതിയെപ്പററി സംശയിക്കേണ്ട ആവശ്യമുണ്ടെന്നുതോന്നുന്നില്ല. ഒടുക്കത്തെപദ്യം "മംഗളം ശാർങ്ഗധനാ" എന്നാണ് അവസാനിച്ചിരിക്കുന്നത്. 'ശാർങ്ഗധനാ' എന്നതു കലിവഷത്തെ കാണിക്കുന്നതായാലും ഈ അഭിപ്രായം ശരിയാണ്. ഈ രാമൻവലിയ

ച്ചൻ ചെന്നപട്ടണത്തച്ചന്റെ അനന്തരവനും ഒരു സംസ്കൃതപണ്ഡിതനും വിദ്വാന്മാരേയും കവികളേയും പ്രോത്സാഹിപ്പിക്കുന്ന ആളുമായിരുന്നു. ഇദ്ദേഹത്തിന്നു ടി. രാമപാണിവാദൻതന്നെ സമൎപ്പിച്ച ചില സംസ്കൃതപദ്യങ്ങൾ താഴെ ഉദ്ധരിക്കുന്നു:—

"സൎവ്വജ്ഞസ്സകലേശ്വരസ്സ്മരശരാ-
ഹങ്കാരഹാരി സദാ
ശ്രീമാന്ര്യക്ഷസുഖോഹതാസുഹൃദസു-
ര്ഗ്ഗോത്രാധിനാഥഃ പ്രഭുഃ
രാജന്നൂനമഹീനഭൂഷണഗണ-
സ്സംശ്രയാശാംബ്ജദ്ദ-
ങ്മേദിന്യാമവതീൎണ്ണ ഏവ ഗിരിശ-
സ്ത്രാതും സമസ്താനപി. ൧

സത്യോക്തിരിതിനിശ്ശത്രുഭ്വാൻ ഭാതി ച ശീതഗുഃ
തോഷയൻ വസുഭിൎല്ലോകാനാലംബ്യ ബുധപദ്ധതിം. വ
കാവ്യജ്ഞശ്ശത്രുൎഭൂപാനാം നികരോഗുണസന്നിഭഃ
ഭവത്ത്യാസ്തി വിനാ ധീമാനന്യേഷാം ഹാ കലാപിഹ.
ക്ഷമാപാത്രക്ഷമാപാത്രത്വത്സാമീപ്യം ഭവേത്സദാ
വിശാമീശ വിശാമീശ പ്രിയമതോത്യഹം സുഖം. ൨

ഏനം രക്ഷിതപക്ഷലക്ഷധരണീ-
രക്ഷാതിദക്ഷക്ഷണം
ശിക്ഷക്ഷീണവിപക്ഷകക്ഷപടലീ-
ദക്ഷാംബുജാക്ഷപ്രഭോ!
ലക്ഷ്മീദത്തകടാക്ഷലക്ഷണവര-
ക്ഷാന്തിക്ഷയത്വം യശഃ
ക്ഷീരക്ഷാളിതലോകപാലിയപതേ!
രക്ഷാക്ഷയാത്ഥക്ഷയാൽ." ൩

ശബ്ദാൎത്ഥാലങ്കാരപ്രധാനങ്ങളായ മേലെഴുതിയ പദ്യങ്ങളുടെ ഭംഗിയെക്കുറിച്ചൊന്നും ഇവിടെ പറയേണ്ടതില്ല. ജ്യോതിശ്ശാസ്ത്രസംബന്ധമായ ഒരു ഗ്രന്ഥവും, 'ശൃംഗാരവിംശതി' എന്ന ഒരു കവിതയും ഈ രാമപാണിവാദൻ ഉണ്ടാക്കിയതായി കാണുന്നുണ്ട്. 'ശൃംഗാരവിംശതി' കണ്ടുകിട്ടീട്ടില്ല. ആദ്യത്തെ കൃതിയിൽനിന്ന് ഒരു ശ്ലോകം താഴെ ചേൎക്കുന്നു:—

"സോമേജ്യാവനിജാഃ ഖരാംശുശശിജൌ
ജീവേന്ദുതീവ്രാംശവഃ
കാവ്യാൎക്കൌ ശശിഭൂമിസൂനുരവയ-
സ്സൌമ്യാൎക്കജൌ ചക്രമാൽ
കാവ്യജ്ഞൌ സുഹൃദസ്സമാസ്തു ശശിജഃ
കാവ്യാരജീവാൎക്കജാ-
ശ്ശുക്രാദിത്യസുതൌ യമാരഗുരവോ
മന്ദഃ കുജേജ്യൌ ഗുരുഃ."

ഇദ്ദേഹത്തിന്റെ ഗുരുവായ നാരായണഭട്ടതിരി ആരാണെന്നു തീൎച്ചയായിപ്പറയുന്നതിന്നു മതിയായ ലക്ഷ്യങ്ങളൊന്നുമില്ല. മേല്പുത്തൂർഭട്ടതിരിപ്പാടല്ലെന്നുള്ളതിന്നു സംശയമില്ലല്ലൊ. തെക്കേടത്തു ഭട്ടതിരിയാണെന്നു ചിലർ അഭിപ്രായപ്പെടുന്നുണ്ട്. ഇതിന്നും തൃപ്തികരമായ തെളിവുകളൊന്നുമില്ല. ചേന്നമംഗലത്തു പാലിയംവകയായി ഉണ്ടായിരുന്ന സംസ്കൃതവിദ്യാലയത്തിലെ അദ്ധ്യാപകനായിരുന്നു ഇദ്ദേഹം എന്നും ഐതിഹ്യക്കാർ പറഞ്ഞുവരുന്നുണ്ട്. എങ്ങിനെയായാലും രാമപാണിവാദൻ ചേന്നമംഗലത്തു കുറെക്കാലം താമസിച്ചിട്ടുണ്ടെന്നും പാലിയത്തു രാമൻവലിയച്ചന്റെ ആശ്രിതനായിരുന്നു എന്നും അദ്ദേഹത്തിന്റെ കല്പനപ്രകാരമാണ് 'വിഷ്ണുവിലാസം' മുതലായ സംസ്കൃതകാവ്യങ്ങളുണ്ടാക്കിയതെന്നും

ജ്യോതിശ്ശാസ്ത്രത്തിൽ നൈപുണ്യമുള്ള ആളും ഒരു നാരായണഭട്ടപാദരുടെ ശിഷ്യനുമാണെന്നുമുള്ള സംഗതികളെ സംബന്ധിച്ചേടത്തോളം യാതൊരു സംശയത്തിനും വഴിയില്ല. കൂടുതൽ തെളിവു കിട്ടുന്നതുവരെ ഇതിലധികം ഇദ്ദേഹത്തെപ്പററി ഒന്നും പറവാൻ തരമില്ല.

വി. കെ. രാമന്മേനോൻ ബി. എ., എൽ. ടി.

## പൌരാണികസാഹിത്യത്തിലെ നായകന്മാരും പ്രതിനായകന്മാരും

(തുടച്ച)

ശ്രീരാമനെപ്പോലെ, അഥവാ അതിലുംകൂടുതലായി, ഭാരതീയർ ആരാധിച്ചുവരുന്ന മറെറാരു അവതാരപുരുഷനാകുന്നു ഭാഗവതത്തിലെ നായകനും ഭാരതത്തിലെ സൂത്രധാരനുമായ ശ്രീകൃഷ്ണൻ. സൂക്ഷ്മദൃഷ്ട്യാ നോക്കിയാൽ രാമനും കൃഷ്ണനും തമ്മിൽ പല വ്യത്യാസങ്ങളുമുണ്ടെന്നു കാണാം. അത്രയുമല്ല കൃഷ്ണൻ രാമനെ അതിശയിച്ചു നില്ക്കുന്നുവെന്നും തെളിയും.

നിഷ്കാമനും നിസ്സംഗനുമായി—തന്നെ ബന്ധിക്കാതെ—കർമ്മംചെയ്തു ലോകസംഗ്രഹം സാധിക്കുകയെന്നതാണ് കൃഷ്ണൻെറ മഹത്തായ ആദർശം. ഈ ലോകസംഗ്രഹത്തെ കൃഷ്ണൻ ധർമ്മമായി വിചാരിക്കുന്നു. അതിനെ സാധിക്കുവാൻ ഔചിത്യംപോലെ എന്തും ചെയ്യും. എന്തുതന്നെ സംഭവിച്ചാലും അണുപോലും അധർമ്മം ചെയ്കയില്ലെന്നുള്ളതാണ് രാമൻെറ വ്രതം. ഇത് ഇവരുടെ ഒരു പ്രധാനവ്യത്യാസമാകുന്നു. ഗീതയിൽ ഭഗവാൻ ലോകസംഗ്രഹത്തിൻെറ മാഹാത്മ്യത്തെ ഉപദേശിക്കുന്നുണ്ടെന്നുകൂടി ഇവിടെ പറഞ്ഞുകൊള്ളട്ടെ.

രാമങ്കൽ ഈശ്വരത്വത്തെക്കാൾ മനുഷ്യത്വവും കൃഷ്ണങ്കൽ മനുഷ്യത്വത്തെക്കാൾ ഈശ്വരത്വവും അധികമധികം ഉയൎന്നു പ്രകാശിക്കുന്നു. സാധാരണസന്ദൎഭങ്ങളിൽ കേവലം ഒരു മനുഷ്യൻ. വിശേഷകാൎയ്യങ്ങൾ ചെയ്യേണ്ടതായി വരുമ്പോൾ ഈശ്വരൻ. ഇതാണ് കൃഷ്ണന്റെ നില. എന്നാൽ രാമനോ? ഈശ്വരത്വം പ്രകാശിപ്പിക്കുന്ന സന്ദൎഭം ദുൎല്ലഭം. ഇത് ഇവർ തമ്മിലുള്ള ഒരു പ്രധാനവ്യത്യാസമാകുന്നു. പൂതനാമോക്ഷം ശകടകേശിമല്ലകംസാദ്യസുരന്മാരുടെ വധം ഗോവൎദ്ധനോദ്ധാരണം കാളിയമൎദ്ദനം ഗുരുദക്ഷിണ രാസക്രീഡ സത്യാസ്വയംവരം കുചേലവൃത്തം സന്താനഗോപാലം മുതലായവയെല്ലാം ഭഗവാന്റെ ഈശ്വരത്വത്തെ പ്രസ്പഷ്ടമാക്കുന്ന അത്ഭുതചരിതങ്ങളാകുന്നു. ഇപ്രകാരം ഈശ്വരന്മാൎക്കുമാത്രം ചെയ്യുവാൻ സാധിക്കുന്നവയായ അത്ഭുതപ്രവൃത്തികളെക്കൊണ്ടു പൂൎണ്ണമായ ഒന്നാണ് ഭാഗവതത്തിൽ കാണുന്ന കൃഷ്ണന്റെ ചരിതം. കൃഷ്ണൻ സാക്ഷാൽ ഈശ്വരൻ മഹാവിഷ്ണു എന്നു ഭക്തിയോടും വിശ്വാസത്തോടുംകൂടി ഭഗവാന്റെ പ്രവൃത്തികളെപ്പററി വിചാരിക്കണം. ഇങ്ങിനെയല്ലാതെ വിപരീതമായ മനഃസ്ഥിതിയോടുകൂടി പരിശോധിക്കുന്നവൎക്ക് അവയിൽ പല അധൎമ്മങ്ങളും അനീതികളും അയുക്തികളും കണ്ടേക്കാം. മനുഷ്യത്വമാകുന്ന മാനദണ്ഡംകൊണ്ടു കൃഷ്ണന്റെ പ്രവൃത്തികളെ അളക്കുന്ന യുക്തിവാദികൾ അനന്തമായ ആകാശമണ്ഡലത്തെ കൈമുട്ടുകൊണ്ട് അളന്ന് അതിന്റെ വിശാലത നിശ്ചയിക്കുവാൻ ശ്രമിക്കുന്നവരാകുന്നു. ഭാഗവതപാരായണത്തിന് ഇവർ അധികാരികളുമല്ല. വാസ്തവത്തിൽ ഭക്തിയോടുകൂടിത്തന്നെ ഭാഗവതം പഠിക്കണം. സാധാരണനായ മനുഷ്യൻ,

നിഷ്കാമനും നിസ്സംഗനുമായ കർമ്മയോഗി, പരബ്രഹ്മമൂർത്തിയായ ഈശ്വരൻ, ലോകസംഗ്രഹത്തെ മുൻനിർത്തി പ്രവർത്തിക്കുന്ന ധർമ്മവ്രതൻ, ഗീതോപദേഷ്ടാവായ ലോകാചാര്യൻ എന്നിങ്ങിനെ പല നിലകളിലും ഭക്തിയോടുകൂടി പഠിക്കേണ്ട ഒന്നാകുന്നു കൃഷ്ണന്റെ മാഹാത്മ്യം. "യേ യഥാ മാം പ്രപദ്യന്തേ താംസ്തഥൈവ ഭജാമ്യഹം" എന്ന ഉപദേശത്തിനു ഭഗവാന്റെ പ്രവൃത്തികൾ മാതൃകകളാകുന്നു. ശത്രു ബന്ധു വിടൻ ഭർത്താവ് ആശ്രിതൻ ഭക്തൻ സുഹൃത്ത് എന്നിങ്ങിനെ ഓരോ നിലകളിൽ നിന്നുകൊണ്ടു കൃഷ്ണൻ ഭജനാനുസരണം മുക്തി കൊടുക്കുന്നു. ഭഗവാൻ ഭക്തന്മാൎക്ക് എങ്ങിനെ വശഗനായി അവരുടെ സർവ്വാഭീഷ്ടങ്ങളേയും സാധിച്ചുകൊടുക്കുന്നു എന്നതു ഭാഗവതത്തിൽനിന്നു പഠിക്കേണ്ട പ്രധാനതത്വമാകുന്നു.

ശ്രീകൃഷ്ണൻ അർജ്ജുനനു ചെയ്യുന്ന ഉപദേശമാകുന്നുവല്ലൊ ശാസ്ത്രരത്നമായ ഗീത. സൂക്ഷ്മത്തിൽ, ഭാഗവതത്തിന്റേയും ഭാരതത്തിന്റേയും ഒരു കുറിപ്പാണ് ഈ മഹാശാസ്ത്രം. അല്ലെങ്കിൽ ഗീതയുടെ വിസ്തൃതങ്ങളായ വ്യാഖ്യാനങ്ങളാണ് ഈ മഹാഗ്രന്ഥങ്ങൾ രണ്ടും. സൂത്രംപോലെ അതിഗഹനവും പ്രൌഢവുമായ ഗീതാവാക്യങ്ങളുടെ സാരങ്ങൾ മുഴുവനും മനസ്സിലാക്കണമെങ്കിൽ ഭാഗവതവും ഭാരതവും നല്ലപോലെ മുൻകൂട്ടി പഠിച്ചിരിക്കണം. ഗീതയിലെ ഉപദേശങ്ങൾ പ്രവൃത്തിയിൽ വരുത്തി എങ്ങിനെ ലോകസംഗ്രഹം സാധിക്കാമെന്നു ഭഗവച്ചരിതവർണ്ണനരൂപേണ കാണിച്ചുകൊടുക്കുകയാണ് സൂക്ഷ്മത്തിൽ ഭാഗവതഭാരതങ്ങൾ ചെയ്തിരിക്കുന്നത്. ഈവിധം ഒരു ബന്ധവിശേഷം ഗീതയ്ക്കും ഭാഗവതത്തിനും ഭാരതത്തിനുമുണ്ട്. ഗീതയിലെ ഉപദേശമനുസരി

ച്ച് ഈവിധം—ഭാഗവതത്തിലും ഭാരതത്തിലും കാണിച്ചിരിക്കുന്നതുപോലെ—ജീവിതം നയിക്കുവാൻ യോഗേശ്വരന്മാൎക്കല്ലാതെ സാധിക്കയില്ല. വൈരമില്ലാതെ ശത്രുക്കളെക്കൊല്ലുക, സ്നേഹംകൂടാതെ ബന്ധുക്കൾക്ക് ഉപകാരം ചെയ്യുക, സ്ത്രീകളുമായി ലീല ചെയ്തു ബ്രഹ്മചൎയ്യത്തെ ദീക്ഷിക്കുക, മഹാപ്രവൃത്തികൾ ചെയ്തിട്ട് അഭിമാനമില്ലാതിരിക്കുക, കളത്രപുത്രസഹസ്രമയമായി തിരതല്ലുന്ന സംസാരസാഗരത്തിന്റെ നടുവിൽ അതിലെ ഒരു ചെറിയതുള്ളിപോലും തന്നിൽ ബന്ധിക്കാതെ ജീവിക്കുക എന്നിവയെല്ലാം എങ്ങിനെ സാധിക്കുമെന്നു ഭഗവാന്റെ ജീവിതം പഠിപ്പിക്കുന്നു. ഇതാണ് ഭഗവാങ്കൽ ലീനമായിരിക്കുന്ന യോഗേശ്വരത്വത്തിന്റെ വൈഭവം. ഈയൊരു യോഗ്യതകൊണ്ടു ഭഗവാൻ രാമനെ മാത്രമല്ല ഇതരന്മാരായ നായകന്മാരെ അധികംപേരേയും ജയിച്ചു നില്ക്കുന്നു.

പൌരസ്ത്യരുടെ സംസ്കാരസാഹിത്യം ധൎമ്മം എന്നിവയുടെ—ഇവയെ താങ്ങിനില്ക്കുന്ന—രണ്ടു മഹാസ്തംഭങ്ങളാകുന്നു ശ്രീരാമനും ശ്രീകൃഷ്ണനും. അജ്ഞാനാച്ഛന്നമായ സംസാരസിന്ധുവിൽ എത്തുംപിടിയുമില്ലാതെ ചുററിത്തിരിയുന്നവരെ നേർവഴി കാണിച്ചു പ്രാപ്യസ്ഥാനത്ത് എത്തിക്കുന്ന അനശ്വരങ്ങളും ഉജ്ജ്വലങ്ങളുമായ രണ്ടു ദീപസ്തംഭങ്ങളും ഇവർതന്നെ. സൂൎയ്യചന്ദ്രന്മാരും ഹിമവത്സാഗരങ്ങളും ലോകത്തിന് എന്നപോലെ ഈ രണ്ട് അവതാരപുരുഷന്മാർ സാഹിത്യത്തിനും അത്യാവശ്യമാകുന്നു. ഇവരില്ലെങ്കിൽ ഭാരതീയരുടെ സാഹിത്യം മാത്രമല്ല സംസ്കാരവും നിൎജ്ജീവം നിഷ്പ്രഭം എന്നു നിശ്ശങ്കം പറയാം. അതുകൊണ്ടുതന്നെ ഇവർ സൂൎയ്യചന്ദ്രന്മാരേപ്പോലെ തേജോനിധികളും ഹിമവാനെപ്പോലെ

സുസ്ഥിരന്മാരും സമുദ്രംപോലെ ഗംഭീരന്മാരും അനശ്വരന്മാരുമായി പ്രകാശിക്കുന്നതും.

കൃഷ്ണന്റെ ശത്രുവായ കംസന്നു രാവണന്റെ ദോഷങ്ങൾ ഏറെക്കുറെ തികച്ചുമുണ്ട്. കശാപ്പുകാരന്റെ ഭവനത്തിൽ ആട്ട പശു മുതലായ മൃഗങ്ങളെപ്പോലെ, എപ്പോൾ തങ്ങൾക്കു നാശം സംഭവിക്കുമെന്നറിയാതെ അസ്വാസ്ഥതയോടുകൂടിയാണ് കംസന്റെ രാജ്യത്തു പ്രജകൾ കഴിഞ്ഞുകൂടിയത്. സ്വാൎത്ഥംനിമിത്തം സ്വസോദരിയുടെ പിഞ്ചുകുട്ടികളെക്കൂടി കംസൻ നിഗ്രഹിച്ചു. അങ്ങിനെയുള്ള ഒരാൾ മററുള്ളവരെ ഉപദ്രവിക്കാൻ എത്ര മടിക്കും? എന്നാൽ ഒരു ഭക്തനേക്കാൾ കൂടുതലായ വിചാരം കൃഷ്ണനെക്കുറിച്ചു കംസനുണ്ടായിരുന്നു. ഇതിനു മൂലം ഭയവും വൈരവും എന്നു മാത്രമേ വ്യത്യാസമുള്ളു. എങ്കിലും ഭഗവദ്വിചാരം ഭഗവദ്വിചാരംതന്നെയാണല്ലോ. നടക്കുമ്പോളും ഇരിക്കുമ്പോളും കിടക്കുമ്പോളും സൎവ്വദാ കംസൻ കൃഷ്ണനെത്തന്നെ വിചാരിക്കുന്നു. "കംസസ്തന്മയതാമയാൽ" എന്നു ഭാഗവതത്തിൽ പറയുന്നു. ഇപ്രകാരം വൈരബുദ്ധിയോടുകൂടി ഭഗവത്ഭാവനചെയ്തു കംസൻ മുക്തനായി. ശിശുപാലൻ പൌണ്ഡ്രകൻ നരകൻ മുതലായ അസുരന്മാരും, കംസനെപ്പോലെ ശത്രുബുദ്ധിയോടുകൂടി ഭഗവാനെ ഭജിച്ചു സിദ്ധിയെ പ്രാപിച്ചവരാകുന്നു. ഇവരെല്ലാം രാവണനെപ്പോലെ അഹങ്കാരികളും ലോകപീഡകന്മാരുമായിരുന്നു.

ഇനി പഞ്ചമവേദമായ മഹാഭാരതത്തിലെ നായകന്മാരേയും പ്രതിനായകന്മാരേയും പററി അല്പം വിചാരിക്കാം.

പാണ്ഡവന്മാരാണ് ഭാരതത്തിലെ നായകന്മാർ. അവരിൽ പ്രധാനി യുധിഷ്ഠിരനാകുന്നു. വിശുദ്ധമായ ധൎമ്മനിഷ്ഠകൊണ്ടു യുധിഷ്ഠിരനെ രണ്ടാമത്തെ ശ്രീരാ-

മൻ എന്നു പറയാം. സത്യം ദയ ക്ഷമ ശാന്തി ധൎമ്മം അഹിംസ മുതലായ ഗുണങ്ങളുടെ ആധിക്യംകൊണ്ടു 'ശുദ്ധസത്വമയ'മാകുന്നു ധൎമ്മപുത്രരുടെ ഹൃദയം. അധൎമ്മപഥത്തിൽ സഞ്ചരിക്കാൻ സ്വന്തം സഹോദരന്മാരേയും ശാസിക്കും. ശത്രുവിനോടും സ്നേഹവും ധൎമ്മവും വിട്ടു പ്രവൎത്തിക്കയില്ല. സത്യത്തിന്റെ പരമാരാധകൻ; ക്ഷമയുടെ മൂൎത്തി; അഹിംസയുടെ ഭക്തൻ ഇവയെല്ലാമാണു് ധൎമ്മപുത്രരുടെ സ്വഭാവങ്ങൾ കൌരവന്മാരിൽനിന്നു തുടരെത്തുടരെയുണ്ടായിക്കൊണ്ടിരിക്കുന്ന കഷ്ടതകൾ സഹിച്ചു സഹിച്ചു ഭീമാദികളുടെ ക്ഷമ നിശ്ശേഷം നശിച്ചു് അവർ സാഹസത്തിനുദ്യമിക്കുമ്പോളെല്ലാം, അവരെ ശാന്തതയോടുകൂടി ധൎമ്മോപദേശംചെയ്തു തടഞ്ഞു നേർവഴിനടത്തുന്നതു ധൎമ്മപുത്രരാകുന്നു. കൌരവർ സദസ്സിൽവെച്ചു് ദ്രൌപതീവസ്ത്രാക്ഷേപം ചെയ്ത സമയത്തു് ഉടനെ തക്കതായ പ്രതികാരം ചെയ്യാതെ പരാക്രമശാലികളായ ഭീമാദികൾ അടങ്ങിയൊതുങ്ങി നിന്നതു ധൎമ്മപുത്രരുടെ നയംകൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടുമല്ല. ഈ സന്ദൎഭത്തിൽ ധൎമ്മപുത്രർ കാണിച്ച ധീരമായ ധൎമ്മവ്രതവും ക്ഷമയും എത്ര മഹാശയനായ ഒരാൾക്കും ഉണ്ടാകാവുന്നതല്ലെന്നുമാത്രമേ പറയുവാനുള്ളു. ഘോഷയാത്രയിൽ ഗന്ധൎവ്വന്മാർ കൌരവന്മാരെ പിടിച്ചു കെട്ടിക്കൊണ്ടുപോകുന്നു. അപ്പോൾ പാണ്ഡവന്മാർ ഗന്ധൎവ്വന്മാരുമായി യുദ്ധംചെയ്തു് അവരെ തോല്പിച്ചു കൌരവന്മാരെ മോചിപ്പിക്കുന്നു. ഇതിനു ധൎമ്മപുത്രരാണു് പ്രധാനകാരണം. ഇപ്രകാരം ശത്രുക്കൾക്കും സസ്നേഹം വേണ്ട ഉപകാരം ചെയ്യുവാനുള്ള മഹാമനസ്കത ധൎമ്മപുത്രരുടെ ജന്മസിദ്ധമായ ഗുണമാകുന്നു. തനിക്കു് അൎദ്ധരാജ്യത്തിനു പൂൎണ്ണാവകാശമിരിക്കെ തങ്ങൾ

ക്ക് അഞ്ചുപേക്കുംകൂടി ഒരു ഗ്രാമം തന്നാലും തൃപ്തിപ്പെട്ടുകൊള്ളാമെന്നു ധർമ്മപുത്രർ ഭഗവാനെക്കൊണ്ടു ദുര്യോധനനോടു പറയിപ്പിക്കുന്നതു നോക്കുക. എങ്ങിനെയായാലും യുദ്ധം—ഭയങ്കരമായ സ്വജനവധം—കൂടാതെ കഴിക്കണമെന്ന മനസ്ഥിതിതന്നെ ഇപ്രകാരം പറയുന്നതിനു കാരണം. ഒരാൾക്കു ശത്രുവിനോട് ഇതിലധികം താഴ്മ എങ്ങിനെ കാണിക്കാം! ഭയങ്കരമായ സങ്കരസാഗരം തരണംചെയ്തു. ശത്രുക്കൾ നാമാവശേഷന്മാരായി സാമ്രാജ്യാധിപത്യം അകണ്ടകമാകുംവിധം തന്റെ കാല്ക്കൽ അണഞ്ഞു. ഈ സന്ദർഭത്തിൽ ഏതൊരു രാജാവായാലും ആനന്ദംകൊണ്ടും അഹങ്കാരംകൊണ്ടും അഭിമാനംകൊണ്ടും 'തിളച്ചു'മറിയും. എന്നാൽ ധർമ്മപുത്രരുടെ മനസ്ഥിതിയെന്തായിരുന്നു? കോടികോടി ജനങ്ങളെ വിശേഷിച്ചു സ്വജനങ്ങൾ ആചാര്യന്മാർ സുഹൃത്തുക്കൾ മുതലായവരെ നിഗ്രഹിക്കുവാനിടയായതു വിചാരിച്ചു വിഷാദവും വിരക്തിയുമാണ് ധർമ്മപുത്രരുടെ മനസ്സിനെ ബാധിച്ചത്. ഭഗവദാജ്ഞയനുസരിച്ചു ഭീഷ്മരുടെ സമീപത്തു ചെന്ന് ഉപദേശം വാങ്ങിയതിനു ശേഷം മാത്രമേ ധർമ്മപുത്രരുടെ ഈ മനസ്ഥിതി മാറുന്നുള്ളു. അഭിമാനം പൌരുഷം അഹങ്കാരം അഹിംസ മുതലായ ദോഷങ്ങൾ സ്പർശിക്കാതെ, അത്യന്തം വിരക്തനായി ലോകത്തിന്റെ നടുവിൽ ജീവിക്കുന്ന ഒരു സന്യാസി. ഇതാണ് ധർമ്മപുത്രരുടെ യഥാർത്ഥമാഹാത്മ്യം. ശുദ്ധസത്വമയമായ മനസ്ഥിതികൊണ്ടു ധർമ്മപുത്രർ ശ്രീരാമനേയും അതിശയിച്ചു നില്ക്കുന്നു എന്നു പറയാം. സത്യം ധർമ്മം അഹിംസ എന്നിവയ്ക്കുവേണ്ടി എന്തു കഷ്ടതയും സഹിക്കുകയെന്നാണ് ധർമ്മപുത്രരുടെ വ്രതം. ചൂതുകളിക്കൊരുങ്ങിപ്പുറപ്പെട്ടതാണ് ധർമ്മപുത്രരെപ്പററി

പ്പറയുവാനുള്ള പ്രധാന ദോഷം. നിഷിദ്ധവും നിന്ദ്യവുമായ ചൂതിന്റെ സമ്പൎക്കംകൊണ്ടെന്തെല്ലാം ആപത്തുകളും നാശങ്ങളുമുണ്ടാകുമെന്നു പാണ്ഡവന്മാരുടെ രാജ്യത്യാഗം വനവാസം പ്രച്ഛന്നജീവിതം മുതലായവ വെളിവായി പഠിപ്പിക്കുന്നു. അഗ്നിഹോമത്തിന്റെ എന്നപോലെ ഈ കഷ്ടതകൾ പാണ്ഡവന്മാരുടെ വിശുദ്ധിയെ പ്രകാശിപ്പിക്കുന്നതിനും ഹേതുവായി. കലിയുഗത്തിൽ സാധാരണമായി ചൂതുകളികൊണ്ടാണ് കുടുംബധനാദി നാശങ്ങൾ സംഭവിക്കുന്നതെന്നും അതുകൊണ്ട് അതു വൎജ്ജിക്കണമെന്നും പാണ്ഡവന്മാരുടെ ചരിതംകൊണ്ടു ഭാരതം ഉപദേശിക്കുന്നു.

ഭീമസേനനും അൎജ്ജുനനും മഹാപരാക്രമികളായ രണ്ടു നായകന്മാരാകുന്നു. അഭിമാനം ശത്രുക്കളോട് അമൎഷം പൌരുഷം അഹങ്കാരം എന്നിവ ഇവൎക്കു തികച്ചുമുണ്ട്. എങ്കിലും ധൎമ്മപുത്രരുടെ ഹിതംവിട്ടു യാതൊന്നും ചെയ്കയില്ല. ബലം പരാക്രമം എന്നിവകളുടെ മൂൎത്തികളായി ഭീമാൎജ്ജുനന്മാരെ വൎണ്ണിച്ചിരിക്കുന്നു. അനേകം സന്ദൎഭങ്ങളിൽ ഇവരുടെ അമിതമായ പരാക്രമത്തെ വ്യാസൻ അതിർകടന്നു വൎണ്ണിച്ചു ഫലിപ്പിച്ചിട്ടുണ്ട്. അൎജ്ജുനനോടു വ്യാസക്ക് ഒരു പക്ഷപാതമുണ്ടെന്നു തോന്നും. അമാനുഷങ്ങളായ അൎജ്ജുനപരാക്രമങ്ങളെ എത്രയെത്ര വൎണ്ണിച്ചിട്ടും വ്യാസക്ക് അലംഭാവം വന്നിട്ടില്ല. ഭാരതത്തിൽ അൎജ്ജുനന്റെ ഭുജവീൎയ്യപരാക്രമങ്ങളെ ആകാശംമുട്ടത്തക്കവിധം ഉയൎത്തി, പലസന്ദൎഭങ്ങളിലും വൎണ്ണിച്ചിരിക്കുന്നതു കാണാം. ഭഗവാനു പാണ്ഡവന്മാരോടു പൊതുവെ പക്ഷപാതമുണ്ടെങ്കിലും അൎജ്ജുനനോട് അത് അധികം കൂടും. വിജയന്റെ വിജയങ്ങൾക്കുള്ള രഹസ്യം ഇതാകുന്നു. അൎജ്ജുനന്റെ കൃ

ത്ര്യങ്ങളെല്ലാം ഭഗവാൻ മുൻകൂട്ടിചെയ്തു് ഒരുക്കിവെച്ചു. അതുകൊണ്ടു ഭീഷ്മാദി മഹാരഥന്മാരുടെ വധം സാധിച്ചു.

"മയൈവൈതേ നിഹതാഃ പൂർവ്വമേവ
നിമിത്തമാത്രം ഭവ സവ്യസാചിൻ!"

എന്നു ഭഗവാൻ ഗീതയിൽ അരുളിച്ചെയ്യുന്നതു നോക്കുക. ഭീഷ്മാദികളെയെല്ലാം കാലസ്വരൂപിയായ ഭഗവാൻ മുൻകൂട്ടി കൊന്നുതീർത്തിരിക്കുന്നു. അവരുടെ വധത്തെ സംബന്ധിച്ചിടത്തോളവും അർജ്ജുനനു പേർ മാത്രമേയുള്ളു. കൌരവന്മാരുടെ രഹസ്യങ്ങളെല്ലാം അപ്പോളപ്പോൾ മനസ്സിലാക്കി അവയ്ക്കു വേണ്ട പ്രതികാരം ചെയ്തു വിജയം നേടുന്നതിന്നു ഭഗവത്സഹായത്താലാണ് പാണ്ഡവന്മാർക്കു സാധിച്ചത്.

"കളിയല്ലേ കർണ്ണന്റേയും ദുഃയ്യോധനന്റേയും വധ-
മെളുതാമോ പാണ്ഡവന്മാർക്കിബ്ബന്ധുവില്ലെങ്കിൽ"

എന്നു കുചേലവൃത്തം വഞ്ചിപ്പാട്ടിൽ രാമപുരത്തുവാരിയർ പാടിയിരിക്കുന്നത് ഈ സന്ദർഭത്തിൽ ഓർമ്മയിൽ വരുന്നു. ഈ കവിവാക്യം യഥാർത്ഥമാകുന്നു. പ്രതാപോജ്ജ്വലന്മാരായ ഭീമാർജ്ജുനന്മാരുടെ അഹങ്കാരം ശമിപ്പിക്കുന്ന സന്ദർഭങ്ങളും ഭാരതത്തിൽ കാണുവാൻകഴിയും. സൌഗന്ധികം കൊണ്ടുവരുവാനുള്ള യാത്രയിൽ ഹനുമാനുമായി കൂട്ടിമുട്ടി ഭീമസേനന്റെ ഗർവ്വപർവ്വതം തകന്നു പൊടിയാകുന്നു. കിരാതരൂപിയായ ശിവനുമായുണ്ടായ യുദ്ധത്തിൽ അർജ്ജുനന്റെ അഹങ്കാരസാഗരവും വററി വരണ്ടു നികന്നുപോകുന്നു. അർജ്ജുനന്റെ പരാക്രമതേജസ്സു ഭൂമിയിൽമാത്രം വ്യാപിച്ചിരുന്നതുകൊണ്ടു തൃപ്തിയാകാതെ ദേവലോകത്തുകൂടി പടത്തിയ വ്യാസഭഗവാൻ ഒടുവിൽ ആ വീരനായകനെ അബലയേ

ക്കാൾ അബലനാകുന്ന ഒരു ദയനീയസംഭവം ഭാരതത്തിൽ വൎണ്ണിക്കുന്നുണ്ട്. അഭിമാനിയും പൌരുഷമൂൎത്തിയുമായിരിക്കുന്ന അൎജ്ജുനൻ ഭഗവാൻെറ സ്വൎഗ്ഗാരോഹണാനന്തരം ദ്വാരകയിൽനിന്നു സ്ത്രീകളേയും കൊണ്ടു പോകുമ്പോൾ വഴിക്കു ദുഷ്ടന്മാരായ ഗോപന്മാരാൽ പരാജിതനാകുന്നു. അൎജ്ജുനനെ മഹാമേരുശൃംഗത്തിൽനിന്നു പാതാളത്തിലേക്കു തള്ളിവിടുന്ന ഈ കാൎയ്യയിൽനിന്നു

"ദൈവമേവ ബലം മന്യേ
പൌരുഷം ഹി നിരൎത്ഥകം"

എന്ന മഹാതത്വമാണ്, വായനക്കാൎക്കു പഠിക്കുവാനുള്ളത്. ഇതു ഭാരതത്തിൽ പല സന്ദൎഭങ്ങളിലും അനുഭവപൂൎവ്വം ഉപദേശിച്ചിരിക്കുന്ന ഒരു പ്രധാനതത്വമാകുന്നു. അൎജ്ജുനൻെറ വില്ല് അമ്പു രഥം ഹയം ഭുജവീൎയ്യം മുതലായവ അപ്രതിമങ്ങളെന്നു യുദ്ധകാലത്തു സ്പഷ്ടമായിട്ടുണ്ടല്ലോ. എന്നാൽ അവ ഗോപന്മാരോടുള്ള എതിൎപ്പിൽ, വിളവില്ലാത്ത ഭൂമിയിൽ വിതച്ച വിത്തുകൾപോലെയും ഛാരത്തിൽ ചെയ്ത ഹോമംപോലെയും തസ്കരനു ചെയ്ത ദാനംപോലെയും നിഷ്ഫലമായി ഭവിച്ചു. ഭഗവദഭാവത്തിൽ പൌരുഷം നിഷ്ഫലമെന്ന് ഇതിലധികം എങ്ങിനെ തെളിയിക്കാം!

ക്ഷാത്രോചിതങ്ങളായ ഭുജവീൎയ്യപരാക്രമങ്ങൾ ഗുരുഭക്തി സത്യനിഷ്ഠ ധൎമ്മശീലം ദയ അഹിംസ ആശ്രിതവാത്സല്യം മുതലായ ഉൽകൃഷ്ടഗുണങ്ങൾ പാണ്ഡവന്മാൎക്കു പൊതുവേയുണ്ട്. ധൎമ്മനിരതന്മാൎക്ക് എന്തെല്ലാം ആപത്തുകൾ നേരിട്ടാലും ഒടുവിൽ ശ്രേയസ്സുണ്ടാകുന്നു. എന്ന തത്വം പാണ്ഡവന്മാരുടെ ചരിത്രത്തിൽനിന്നു ഗ്രഹിക്കണം. ഇക്കാൎയ്യം "യതോ ധൎമ്മസ്തതോ ജയഃ" എ

ന്ന വാക്യംകൊണ്ടു മഹാഭാരതകൎത്താവു സുവ്യക്തമാക്കിയിരിക്കുന്നു.

കൌരവന്മാരാണ് പാണ്ഡവന്മാരുടെ ശത്രുക്കൾ. ഇവരുടെ വൈരം ജന്മസിദ്ധമാകുന്നു. ഭീഷ്മർ ദ്രോണർ കൎണ്ണൻ കൃപൻ അശ്വത്ഥാമാവു ശല്യർ ശകുനി മുതലായ മഹാരഥന്മാർ കൌരവപക്ഷത്തിൽ താങ്ങായിനില്ക്കുന്ന പ്രതിനായകന്മാരാണ്. പാണ്ഡവന്മാരുടെ ശത്രുക്കളിൽ ദുൎയ്യോധനൻതന്നെ പ്രധാനി.

ദുൎയ്യോധനനെ ഭാരതത്തിലെ രാവണനായി വിചാരിക്കണം. പാണ്ഡവന്മാരുടെ പൊതുശത്രുവും ഭീമന്റെ പ്രത്യേകവൈരിയുമാണ് ദുൎയ്യോധനൻ. ദുരഭിമാനം അഹങ്കാരം പൌരുഷം ദ്രോഹം കപടം മുതലായ ദോഷങ്ങൾ തികച്ചുമുണ്ട്. ധൎമ്മം ഉപദേശിച്ചാൽ ആരോടും വെറുപ്പ്; സേവപ്പുനിന്നു ദുരുപദേശം ചെയ്യുന്നവരോടു പ്രീതി; സ്വാൎത്ഥസിദ്ധിക്ക് ഏതുവിധം ദുഷ്ടതയും പ്രവൎത്തിക്കുവാൻ മടിയില്ലായ്ക; പൌരുഷത്തിൽ ദൃഢമായ വിശ്വാസം ഇതെല്ലാമാണ് ദുൎയ്യോധനന്റെ പ്രധാനദോഷങ്ങൾ. ലാക്ഷാഗൃഹത്തിന്റെ ദഹനം ചൂതുകളി വസ്ത്രാക്ഷേപം എന്നിവ ദുൎയ്യോധനന്റെ പാപകൎമ്മങ്ങളുടെ മകുടങ്ങളാകുന്നു. സതീരത്നമായ ദ്രൌപദിയെ രാജസദസ്സിൽവെച്ച് അവമാനിക്കുവാൻ ആജ്ഞകൊടുത്ത ദുഃൎയ്യാധനന്റെ മനസ്ഥിതി എത്രവലിയ ദുഷ്ടനായ ഒരു രാക്ഷസനും പിശാചിനുംകൂടി സംഭവിക്കാവുന്നതല്ല. ശ്രേയസ്കരമായവിധം ഹിതോപദേശം ചെയ്ത വിദുരരെ "നിൎവ്വാസ്യതാമേഷ പുരാച്ഛ്വസാനഃ—" ഇവനെ കൊല്ലാതെ കൊന്നു പുറത്തു പിടിച്ചുതള്ളുവിൻ—എന്നാണ് ദുൎയ്യോധനൻ 'കല്പിക്കു'ന്നത്! ഭീഷ്മർ, (ദൂതനായിച്ചെന്ന) ഭഗവാൻ, ധൃതരാഷ്ട്രർ മുതലാ

യവരുടെ ഹിതോപദേശങ്ങളെ ധിക്കരിക്കുന്നു. ദുരുപദേശം ചെയ്യുന്ന കർണ്ണനെ അദ്ധ്യാസനം കൊടുത്തു മാനിക്കുകയും ശകുനിശല്യപ്രഭൃതികളെ ആചാര്യന്മാരായി വരിച്ച് ആരാധിക്കുകയും ചെയ്യുന്നു. ഇതാണ് ദുര്യോധനന്റെ ദുർന്നയം. "ജയ ജയ നാഗകേതന!" എന്ന ഗീതമല്ലാതെ മറെറാന്നും കേൾക്കുവാൻ ദുര്യോധനന്നിഷ്ടമില്ല. അർദ്ധരാജ്യാവകാശികളും സ്വജനങ്ങളുമായ പാണ്ഡവന്മാൎക്ക് 'സൂചികുത്തുവാനിടം' കൂടി കൊടുക്കുകയില്ലെന്നു സിദ്ധാന്തിക്കണമെങ്കിൽ ദുര്യോധനന്ന് എത്ര ദുഷ്ടതയുണ്ടായിരിക്കണം! ദുര്യോധനങ്കൽ അഥവാ മഹാഭാരതത്തിൽ നിന്നു പഠിക്കേണ്ടതായ ഒരു ഗംഭീരതത്വമാകുന്നു "മാഗധഃ കസ്യ സ്വിദ്ധനം" എന്നുള്ളത്. പരന്മാരുടെ ധനം അപഹരിച്ച് അവൎക്കു കൊടുക്കാതെ കോടതികയറി വ്യവഹാരം പറഞ്ഞു കുടുംബധനാദികളെ നശിപ്പിക്കുന്ന അനേകം ദുരഭിമാനികളെ ഇന്നും ധാരാളം കാണാം. ഇവർ ദുര്യോധനന്റെ അനുചരന്മാരാകുന്നു. രാവണനൻ പരസ്ത്രീലമ്പടത്വംകൊണ്ടെന്നപോലെ ദുര്യോധനൻ പര'ശ്രീ'ലമ്പടത്വംകൊണ്ടു സകലം നശിച്ചു. കണ്ണില്ലാത്തവർ കണ്ണുള്ളവർ എന്ന് അന്ധന്മാരെ രണ്ടുവിധം വിഭജിക്കാം. അവരിൽ ആദ്യത്തെ വൎഗ്ഗക്കാരെക്കൊണ്ട് ഉപദ്രവം കുറയും. രണ്ടാമത്തെതരക്കാർ—വിശേഷിച്ചു ബലവാന്മാർകൂടിയാണെങ്കിൽ—ലോകത്തിന്റെ വലിയ കണ്ടകന്മാരായി ഭവിക്കുന്നു. ദുര്യോധനനെ ഈ വയിനത്തിലുൾപ്പെടുത്താം. ധൃതരാഷ്ട്രരുടെ പുറത്തെ കണ്ണുപോലെ അല്പവും കാഴ്ചയില്ലാത്തതായിരുന്നു ദുര്യോധനന്റെ അകത്തേത്. അതു ദുര്യോധനനെ നശിപ്പിച്ചു. ധൃതരാഷ്ട്രൻ വിദുരൻ ഭഗവാൻ മുതലായവരുടെ വാക്കുകളെ 'പഴഞ്ചൻ അഭിപ്രായങ്ങൾ' എന്നു

പരിഹസിച്ചു ദുര്യോധനൻ തള്ളി; അതിൻെറ ഫലവും ഭുജിച്ചു. പരിപക്വബുദ്ധികളായ വൃദ്ധന്മാരുടെ (ഗുരുജനങ്ങളുടെ) ഉപദേശങ്ങളെ 'പഴഞ്ചൻഅഭിപ്രായങ്ങൾ' എന്നു പറഞ്ഞു ധിക്കരിച്ചു യുക്തിവാദികളായി തോന്നിയതു കാട്ടിനടക്കുന്ന യുവാക്കന്മാർ ഇന്നു നമ്മുടെയിടയിൽ ദുർല്ലഭമല്ല. ദുര്യോധനൻെറ ദയനീയമായ അനുഭവത്തിൽനിന്നു തങ്ങൾക്കു വല്ലതും പഠിക്കുവാനുണ്ടോയെന്ന് ഇവർ ആലോചിച്ചുനോക്കുന്നത് ആത്മോദ്ധാരണത്തിന് അത്യാവശ്യമാകുന്നു. അതിലോഭംകൊണ്ടു നശിച്ച ചരിത്രപുരുഷന്മാരുടെയിടയിൽ ദുര്യോധനനു ശാശ്വതമായ പ്രഥമസ്ഥാനമുണ്ടായിരിക്കും.

(തുടരും)

വടക്കുംകൂർ രാജരാജവർമ്മരാജാ.

---

## ഭക്തിലഹരി

൩

ശ്വേതൻമാമുനിയാണു നീ കൃതയുഗ-
ത്തിങ്കൽ തപസ്സൊന്നിനാൽ
പ്രീതൻ സ്രുക്സ്രുവധാരി യജ്ഞപുരുഷൻ
ത്രേതായുഗപ്രാപ്തിയിൽ
പീതൻ മംഗളയജ്ഞകർമ്മനിരയാൽ
സന്തുഷ്ടനാകുന്നവൻ
പൂതൻ മൂന്നുലകും നിറഞ്ഞു വിജയി-
ച്ചീടുന്നു വിശ്വംഭരൻ.

ദേവൻ താന്ത്രികമായ കർമ്മവശഗൻ
സ്തോത്രപ്രിയൻ ശ്യാമനാ-
ണേവം ദ്വാപരവേളയിൽ സകലരും
പൂജിച്ചുവാഴ്ത്തുന്നവൻ

സേവസ്ത്വാത്തിരുനാമമീക്കലിയിൽ നാം
നാമംജപിച്ചാൽ ക്ഷണം
കൈവല്യപ്രദനാക്കളായകമനീ-
യാംഗൻ പ്രസാദിച്ചിടും. ൨

ചൊല്ലാമീക്കലികാലമെത്ര സുഖദം
നാമംജപംകൊണ്ടുതാൻ
ചെല്ലാം ചില്പുരുഷൻെറ സന്നിധിയിലെ-
ന്നോതുന്നു വേദങ്ങളിൽ
എല്ലാക്കും പ്രിയമീക്കലിപ്പിറവി ഞാ-
നപ്പുണ്യമാജ്ജിച്ചവൻ
മല്ലാരേ! തിരുനാമഗാനനിരതൻ
നിയ്യെന്നെ രക്ഷിക്കണം. ൩

ധമ്മദ്വേഷിദുരാശയൻ കലി ഭയന്ന-
ൎത്ഥിക്കയാൽ പ്രീതനായ്
ശമ്മം നല്കിയ വിഷ്ണുരാതനുപകാ-
രംചെയ്തു; കൊന്നെങ്കിലൊ
ഇമ്മട്ടുള്ളൊരു മുക്തിമാൎഗ്ഗമടയും;
ലക്ഷ്മീപതേ! നിയ്യൊരാ-
ളിമ്മന്നിൻെറ ശുഭാശുഭങ്ങളറിവോൻ
തൃക്കാലെനിക്കാശ്രയം. ൪

ഇന്നെങ്ങും തവ ഭക്തരിൽ കലി ഭയ-
പ്പെട്ടാണിരിക്കുന്നതും
നിന്നെക്കൈതൊഴുതാൽ ഫലം ഝടിതി; നി-
ന്ദിച്ചാൽ പൊറുക്കും ഭവാൻ
മുന്നേതാൻ കലിമൎത്ത്യരെക്കറിനരോ-
ഗത്താൽ വലയ്ക്കുന്നു; നീ
വന്നേററൊന്നു തടഞ്ഞമൎത്തണമിതാ-
ണിപ്പോൾ കുഴപ്പോക്കിൽ. ൫

ഉണ്ടാം ഭക്തജനം കലൌ സുലഭമാ-
　　മീബ്ഭാരതത്തിൽ; ശുഭം
കൊണ്ടാളുന്ന നദീനദംഗിരിമഹാ-
　　ക്ഷേത്രപ്രദേശങ്ങളിൽ
കൊണ്ടാടേണ്ടവരെത്ര; വാസ്തവമിതാ-
　　ണീ; നാട്ടിലുണ്ടായവൻ
തിണ്ടാടുന്നു കിടന്നു പാവമിവനെ-
　　ന്നോൎത്തന്നെ രക്ഷിക്കണേ! ൩

ചൊല്ലാം ളും തിരുനാമ; മാത്തുളസി; സാ-
　　ളിഗ്രാമ; മേകാശി; യെ-
ന്നല്ലാം ജാഹ്നവി; ഗീത; ഗോപി; പുകഴും
　　ഗായത്രി; യിത്യാദിയിൽ
മല്ലാരേ! വിധിപോലെ വേണ്ട സമയ-
　　ത്തൊക്കെബ്ഭജിക്കുന്നു ഞാൻ
ചൊല്ലാം തുഷ്ടിദമാണിതൊക്കെയവിടേ-
　　യ്ക്കെന്നാം പുരാണങ്ങളിൽ. ൪

ദേവന്മാരിലു; മാപ്പിതൃക്കളിലുമു-
　　ണ്ടേറെക്കടം ദുൎല്ലടം
പാവപ്പെട്ടുഴലുന്നു ഞാൻ വിധിനിഷേ-
　　ധം നീ വിധിപ്പിച്ചവൻ
കൈവല്യപ്രദ! തുത്തേടത്തഖിലവും
　　നിങ്കൽ സമൎപ്പിച്ചിടാം
ഭാവം മാറുകയില്ല ഭക്തിനിലനി-
　　ത്തിത്തന്നു രക്ഷിക്കണം. ൫

ശ്രീവാഴ്ക്കുന്ന കുടുംബ; മുണ്ണികളുമു-
　　ണ്ടെല്ലാററിനും ഭൃത്യരു-
ണ്ടാവാതില്ലൊരുകൂട്ടവും സകലരും
　　മാനിക്കമെല്ലാം സുഖം

ഈ വാഴത്തുന്ന സുഖം ഹരേ! ഞൊടിയിട-
    ശ്ശില്ലാ ഭവൽഭക്തിതാൻ
ഭൂവാസത്തിലുയൎന്നസൌഖ്യമതിനായ്
    തൃക്കാക്കൽ വീഴുന്നു ഞാൻ. ൯

കാലം പോട്ടെയഹോ! പരീക്ഷിദരചൻ
    ചേലപ്പുറമ്പാം; ധ്രുവൻ
ബാലൻ; സ്വൈരിണിയായ പിംഗള; നൃപൻ
    ഖട്വാംഗ; നീയൈവരും
മാലററാന്നു പരം പദം ഝടിതി; നി
    തൃക്കൺ മിഴിച്ചാലെനി-
ക്കാലസ്യക്കടലക്കരക്കയറിടാം
    മാത്രസ്സുമന്വത്രതാൻ ൧൦

എല്ലാംബ്ബന്ധവുമററവൻ; വിഭു; കൎ-
    മ്മസ്സു കീഴ്പ്പെട്ടവൻ;
ചൊല്ലാം നമ്മുടെ വില്വമംഗലപരി-
    വ്രാട്ടൊത്തു പാൎത്തുള്ളവൻ;
മല്ലാരാതി; കുചേലമാമുനി തുറ-
    ന്നിട്ടുന്ന ഭണ്ഡാര;മെ-
ന്നല്ലാം പാഷ്തി ചിര തീററിയ ചിദാ-
    നന്ദൻ; പ്രസാദിക്കണം. ൧൧

തൃക്കണ്ണിൻമുനകൊണ്ടു തീക്കുമുലകം
    കാക്കും കഴിക്കും പുറ-
ത്താക്കും കാക്കമശിക്കുമീക്കളിയറി-
    ഞ്ഞോരേക്കുമങ്ങങ്ങയെ
തല്ക്കാലം ചില തട്ടുമുട്ടുകൾ പറ-
    ഞ്ഞെന്നൊപ്പിരിക്കാൻ ഭവാ-
നൊക്കാ ചോട്ടടിമാറുകില്ല തരണം
    സായുജ്യമന്നോളവും. ൧൨

നടുവത്തു മഹൻനമ്പൂരി.

## * സൌന്ദര്യഭ്രമം

റൻക്കുണ്ണിലെ—തെരുവിൽ അന്ന് അസാധാരണമായ ഒരു ബഹളം. അതുവരെ ലക്ഷ്മണദാസമാർവാരിയുടെ വീട്ടിൽ പിശാചിൻെറ ഉപദ്രവമുണ്ടെന്നു പരക്കെ ഒരു ബോദ്ധ്യമുണ്ടായിരുന്നതിനാൽ അതിൽ ആരും താമസിക്കുവാൻ വന്നിരുന്നില്ല. അന്ന് ആ വീടിൻെറ രണ്ടാംനിലയിൽ ആരോ താമസിക്കാൻ വന്നിട്ടുണ്ടെന്നു കണ്ടതിനാലാണ് അവിടെ അന്നൊരു ജനക്കൂട്ടമുണ്ടായിരുന്നത്. വാതിലുകളും ജനലുകളും തുറന്നിരുന്നു. ഒരു മടിരാശിക്കാരനായ ഭൃത്യനും ഒരു ബമ്മക്കാരിയായ വൃഷളിയും അവിടെ അടിക്കുകയും കോരുകയും ചെയ്തിരുന്നു. ചില വീട്ടുസാമാനങ്ങളെല്ലാം അവിടെ എത്തിച്ചേർന്നിരുന്നു. ഇനിയും ചിലതു വരുന്നുമുണ്ടായിരുന്നു. ഇവയെയെല്ലാം വീടിൻെറ മുമ്പിലുള്ള വഴിയിൽ കൂട്ടിയിരുന്നു. അതെല്ലാം കാണുന്നവൎക്ക് ആ വീട്ടിൽ പുതുതായി താമസിക്കുവാൻ വന്നവർ പ്രബലന്മാരാണെന്നും പരിഷ്കാരികളാണെന്നും മനസ്സിലാകും.

സമീപസ്ഥന്മാർ, അവിടെ താമസിക്കുന്നവരെ ഒന്നു കാണണമെന്ന ഉദ്ദേശത്തിൽ ജനലിൻേറയും വാതിലിൻേറയും സമീപം ഏകദേശം ഒരുമണിക്കൂറോളം കഴിച്ചുകൂട്ടിയെങ്കിലും അവൎക്ക് യാതൊരാളേയും കാണാൻ സാധിച്ചില്ല. എല്ലാവരും ഇച്ഛാഭംഗത്തോടുകൂടി മടങ്ങുവാൻ തുടങ്ങിയപ്പോൾ ഒരു മോട്ടോർകാർ ആ വീടിൻെറ മുമ്പിൽ വന്നുനിന്നു. അതൊരു പുതിയ കാറായിരുന്നു. ആ തെരുവിൽ താമസിച്ചിരുന്നവരിൽ മി

* ശ്രീമതി സീതാദേവി മോഡേൺറിവ്യൂവിൽ പ്രസിദ്ധപ്പെടുത്തിയ കഥയുടെ ഏകദേശതൎജ്ജമ.

ക്കപേരും ഒരു മോട്ടോർകാറിൻെറ വില നിൎണ്ണയിക്കു വാൻ സാധിക്കാത്തവരായിരുന്നു. പക്ഷെ അതിൻെറ 'പളപളപ്പും', ഓടിക്കുന്നവനേയും, കാറിൻെറ ഉള്ളും കണ്ടപ്പോഠം വളരെ ജനങ്ങഠം അവിടെ വന്നുചേൎന്നു. അവർ ഇതെല്ലാം കണ്ടു പരിഭ്രമിച്ചു. ജനലുകളുടേയും വാതിലുകളുടേയും സമീപം ജനങ്ങഠം തിരക്കിത്തുടങ്ങി.

ഒടുവിൽ അവർ വിചാരിച്ച കാൎയ്യം സാധിച്ചു. വളരെ വിലപിടിച്ചതും ഭംഗിയുള്ളതുമായ ഉടുപ്പു ധരിച്ച രണ്ടു സ്ത്രീകഠം ഇറങ്ങിവന്നു വളരെ ഗൌരവഭാവത്തിൽ കാറിൻെറ അടുക്കലേക്കു നടന്നു. ഇരുവരും സുന്ദരിമാരായിരുന്നു. തലമുടി രണ്ടുപേൎക്കും ധാരാളമുണ്ടായിരുന്നു. പട്ടുകൊണ്ടുള്ള ലോങ്കികളാണ് അവർ ധരിച്ചിരുന്നത്. പ്രകൃത്യാ അവൎക്കുണ്ടായിരുന്ന സൌന്ദൎയ്യം വൈരക്കല്ലുകളും ചുകപ്പുകല്ലുകളും പതിച്ച ആഭരണങ്ങഠം ദ്വിഗുണീഭവിപ്പിച്ചിരുന്നു. ഒരുവഠം ചെറുപ്പക്കാരിയും മറേറവഠം മദ്ധ്യവയസ്കയുമായിരുന്നു. പക്ഷെ ഇരുവരും ആരേയും ആകൎഷിക്കത്തക്ക ലാവണ്യമുള്ളവരായിരുന്നു. മൂത്ത സ്ത്രീ നല്ലവണ്ണം വികസിച്ച ഒരു താമരപ്പൂപോലെയിരുന്നു. ഇരുവൎക്കും ഗൌരവവും ഒരു ജന്മിതാവുമുണ്ടായിരുന്നു.

അവർ കയറി ഇരുന്ന ഉടനെ കാർ പുറപ്പെട്ടു. മദിരാശിക്കാരൻ ഭൃത്യൻ ഒരു ചെറിയ പെട്ടിയുംകൊണ്ട് അവരുടെകൂടെതന്നെ വന്നിരുന്നു. അവൻ പെട്ടിവണ്ടിയിൽ വെച്ചു മുകളിലേക്കു പോകുവാൻ തുടങ്ങുമ്പോഴയ്ക്കു് അവിടെ നിന്നിരുന്നവർ അവൻെറ ചുററും വളഞ്ഞുകൂടി. കുറേനേരത്തിന്ന് അവിടെ വലിയ ബഹളംതന്നെയായിരുന്നു. തമിഴ്, ബൎമ്മഭാഷ, ഹിന്തി, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ ചോദ്യങ്ങഠം എണ്ണമില്ലാം

തെ ചോദിച്ചുതുടങ്ങി. ഈ സ്ത്രീകൾ ആരെന്നും, എവിടുന്നു വന്നുവെന്നും, എത്രകാലം ഇവിടെ താമസമുണ്ടെന്നും, ഈ പിശാചിന്റെ ഉപദ്രവമുള്ള വീട്ടിൽ താമസം തുടങ്ങിയത് എന്തുകൊണ്ടാണെന്നും എല്ലാവക്കും അറിവാനുള്ള ആഗ്രഹം കുറഞ്ഞൊന്നുമല്ല ഉണ്ടായിരുന്നത്. വേറെ ചിലക്ക് ഇവർ തനിയേയോ അവിടെ താമസിക്കുവാൻ പോകുന്നതെന്നും പുരുഷന്മാരായി വേറെ വല്ലവരുമുണ്ടോയെന്നും അറിയേണ്ടിയിരുന്നു.

ഭൃത്യൻ ഉത്തരം പറവാൻ ശ്രമിച്ചുനോക്കി. ആ സ്ത്രീകൾ ഒരു ധനികനായ ബമ്മക്കാരന്റെ ഭാര്യയും മകളുമാണെന്ന് അവൻ പറഞ്ഞു. അദ്ദേഹം മരിച്ചിരുന്നു. വേറെ പുരുഷന്മാരായി അവക്ക് യാതൊരു ബന്ധുക്കളുമില്ല. നാട്ടുപുറത്തു താമസിച്ചു വെറുപ്പുതോന്നിയതുകൊണ്ടു റങ്കൂൺപട്ടണത്തിൽ കുറേദിവസം താമസിക്കുവാനാണ് അവർ വന്നിരിക്കുന്നത്. അവർ ഈ വീട്ടിൽ താമസംതുടങ്ങിയത് എന്തുകൊണ്ടാണെന്ന് അവന്ന് അറിയില്ല. ചില ചെറുപ്പക്കാക്ക് ആ യുവതിയുടെ കല്യാണം കഴിഞ്ഞിട്ടുണ്ടോ എന്നറിയണം. കഴിഞ്ഞിട്ടില്ലെന്ന് അവൻ പറഞ്ഞു. വിധവ ഇവിടെ താമസിക്കുവാൻ വേറൊരു കാരണവുംകൂടിയുണ്ട്. തന്റെ പുത്രിക്കു ചേർന്നതായ ഒരു വരനെ കിട്ടുമോയെന്നുകൂടിനോക്കണം.

ജനങ്ങൾ പതുക്കെ പിരിഞ്ഞുപോകുവാൻതുടങ്ങി. അവരെപ്പററി അറിയുവാൻ അവക്കു താൽപര്യമുണ്ടായിരുന്നുവെങ്കിലും തങ്ങളുടെ പ്രവൃത്തിക്കു മുടക്കംവരുത്തുവാൻ അവക്കു സാധിക്കില്ലായിരുന്നു. പുരുഷന്മാരെല്ലാം തങ്ങളുടെ പീടികകളിലേക്കു പോകുവാനുള്ള ഒരുക്കങ്ങൾചെയ്യാനും, സ്ത്രീകൾ അവരെ സഹായിക്കാനും പോയി. ആ വഴിയിൽ കളിച്ചിരുന്ന ചില കുട്ടികൾക്കു

മാത്രമേ ആ സ്ത്രീകൾ മടങ്ങിവരുന്നതു കാണുവാൻ സാധിച്ചുള്ളു.

വൈകുന്നേരമായാൽ എല്ലാവൎക്കും കുറെ ഒഴിവുണ്ടാകുമല്ലൊ. അവിടെ അപ്പോൾ ഒരു മാററമുണ്ടാകും. ചെറുപ്പക്കാരായ സ്ത്രീകളെല്ലാം അവരുടെ മുടി ഒതുക്കികെട്ടുകയും, ബാലികമാർ ചില പുഷ്പം തലയിൽചൂടുകയും ചെയ്യും. അവർ അവരുടെ നല്ല വസ്ത്രങ്ങളും, സ്വൎണ്ണച്ചങ്ങലകളും, ചുകപ്പുകല്ലുകുടുക്കകളും, കടുക്കങ്ങളും, വളകളും അണിഞ്ഞുതുടങ്ങും. ലക്ഷ്മണദാസൻെറ വീട്ടിൽ താമസിക്കുന്നവരെപ്പോലെ അത്ര പണമില്ലെങ്കിലും ഇവൎക്കും ചിലതെല്ലാമുണ്ട്. ജനങ്ങളെക്കൊണ്ട് ഉററുനോക്കിക്കാൻ അവൎക്കും സാധിക്കും.

സ്ത്രീകൾമാത്രമല്ല, പുരുഷന്മാരും ഇളകിത്തുടങ്ങി. പ്രവൃത്തികഴിഞ്ഞു മടങ്ങിവന്നവർ കുളികഴിഞ്ഞു, നല്ല വസ്ത്രം ധരിച്ചു,വായിൽ ഒരു ചുരുട്ടുമായി ആ വഴിയിൽ അങ്ങുമിങ്ങും നടക്കുവാൻതുടങ്ങി. അവർ സകലവിവരവും അറിയാൻ തീൎച്ചയാക്കിട്ടാണ് വന്നിരിക്കുന്നത്. അവരുടെ ദൃഷ്ടിയെല്ലാം രണ്ടാംനിലയിലെ ജനലുകളിലും വ്രാന്തയിലുമായിരുന്നു. ആ ചെറുപ്പക്കാരിയെ ഒന്നു കാണാതെ മടങ്ങുകയില്ല, നിശ്ചയംതന്നെ. മദിരാശിക്കാരൻ ഭൃത്യൻ, “ഒരു യോജിച്ച വരനുണ്ടായാൽ തൻെറ മകൾക്കു കല്യാണംകഴിക്കാൻ ശ്രമിക്കണം” എന്നു വിചാരിച്ചാണ് ആ വിധവ ഇവിടെ വന്നു താമസംതുടങ്ങിയത് എന്നല്ലെ പറഞ്ഞത്. ഈ യുവാക്കന്മാർ ഇക്കാൎയ്യത്തിൽ ആ സ്ത്രീയെ സഹായിക്കുവാൻ തീൎച്ചയാക്കി.

വൈകുന്നേരം കാർ പിന്നെയും വന്നു. കുറെ താമ

സിച്ചപ്പോൾ ആ സ്ത്രീകൾ രാവിലത്തേതിലധികം ആഡംബരത്തിലുള്ള വസ്ത്രങ്ങളുടുത്തു പുറത്തിറങ്ങി. രാവിലത്തെ ഗൌരവത്തിന്നു കുറെ ഭംഗംവന്നിരുന്നു. അവർ ചുററും ഒന്നു നോക്കി. ആ യുവതി ഒന്നു പുഞ്ചിരികൊണ്ടു. ആ വിധവ, തൻെറ അടുക്കലേക്ക് ഓടിവന്ന ചെറുപൈതങ്ങളുടെ കവിളിൽ തലോടി, അവരുടെ സ്നേഹം സമ്പാദിച്ചു. പിന്നെ അവ്ർ കാറിൽകയറിപ്പോകുകയുംചെയ്തു.

അപ്പോൾ സമീപസ്ഥയായ ഒരു സ്ത്രീ മറെറാരുത്തിയോട് "അവർ വിചാരിച്ചപോലെ ഗർവിഷ്ഠകളല്ലെന്നാണ് തോന്നുന്നത്" എന്നു പറഞ്ഞു.

മറെറവൾ പറഞ്ഞു "അങ്ങിനെതന്നെയാണെന്നാ തോന്നുന്നത്. അവൎക്കു കുട്ടികളെ സ്നേഹം കാണുന്നു. എന്തായാലും അവർ ഒരു സ്ത്രീയല്ലെ? പണം പ്രകൃതിയെ മാററുന്നതല്ലല്ലൊ."

ഈ പുതുതായിവന്നവരുടെ ഗുണങ്ങളെ എല്ലാവരും തൂക്കിക്കണക്കാക്കി. മക്കളുള്ള സ്ത്രീകൾക്കെല്ലാം അവരോടു സ്നേഹമാകേണമെന്നു തോന്നി. യുവാക്കന്മാൎക്ക് അവരായി പരിചയപ്പെടുത്താൻ ആളെക്കിട്ടിയാൽ നന്നെന്നു തോന്നി. ബാക്കി കാൎയ്യം അവർതന്നെ സാധിച്ചുകൊള്ളും. അമേരിക്കൻസിനിമ വന്നനിമിത്തം ഈ വിഷയത്തിൽ യുവാക്കന്മാരെല്ലാം വളരെ സമൎത്ഥന്മാരായിരുന്നു. സന്ധ്യാസമയമായപ്പോൾ വഴിയിലെ പാട്ടുകാരൻ ശൃംഗാരഗാനങ്ങൾ പാടിത്തുടങ്ങി. പക്ഷെ ഈ സുന്ദരിമാർ ഇതിനെ അത്ര ഗണിച്ചില്ല. അവർ മടങ്ങുമ്പോൾ കുറെ വൈകിയിരുന്നു. അമ്മ വൃഷളിയേയുംകൂട്ടിക്കൊണ്ടു തൻെറ കിടപ്പുമുറിയിലേക്കു പോയി. ആ

യുവതിയും തൻെറ മുറിയിലേക്കു പോയി. കുറെ കഴിഞ്ഞപ്പോൾ അവരിരുവരും കുളിച്ച് ഉടുപ്പുമാറി ഉണ്ണാൻ വന്നു.

അപ്പോൾ അമ്മ ചോദിച്ചു. "നിനക്കു നാളെ തനിയേ പോയിക്കൂടെ?"

മകൾ—എന്താ ബദ്ധപ്പെടാൻ ഇവിടത്തെ സ്ഥലങ്ങളെപ്പററി നല്ല പരിചയമാകട്ടെ. പിന്നെ വേണമെങ്കിൽ ഞാൻ തനിയെ പോകാം. വഴിതെററി എവിടെയെങ്കിലും തെണ്ടിനടന്നിട്ടു കാൎയ്യമില്ലല്ലോ. വേറൊരു സ്ഥലവും ഉടനെ കണ്ടുപിടിക്കണം.

അമ്മ ഒരു പഴക്കഷണമെടുത്തു തിന്നുവാൻതുടങ്ങി. പിന്നെ പറഞ്ഞു,

"നീ പറഞ്ഞതു ശരിയാണ്. നിന്നെ ബദ്ധപ്പെടുത്തണമെന്നില്ല. നിനക്കു തനിയെ പോകാനാകില്ലെങ്കിൽ വൃഷളിയേക്കൂടി കൂടെക്കൂട്ടിക്കൊ. ഞാൻ തനിയെ പോകാം."

മകൾ—അതുപററില്ല. അവളൊരു വിഡ്ഢിയാണ്. എൻെറകൂടെ അവളെ കൂട്ടിക്കൊണ്ടുപോകുവാൻ വിചാരിക്കുകയേവേണ്ട. അവൾ വല്ല വിഡ്ഢിത്തവും പൊട്ടിച്ചു നമ്മുടെ കാൎയ്യമെല്ലാം തെററിക്കും. അങ്ങിനെവന്നാൽ അതിൽനിന്നു രക്ഷപ്പെടുവാൻ സാധിക്കില്ല.

അവരുടെ ഊണ് കഴിഞ്ഞപ്പോൾ മകൾ അമ്മയോടു പറഞ്ഞു. "ഈ കുട്ടികളെ കണ്ടില്ലെ? അവർ വല്ല വിദൂഷകന്മാരെപ്പോലെയല്ലെ കാണിക്കുന്നത്? അവരിൽ ഒരാളെ പിടുത്തംകിട്ടുവാനാണ് ഞാൻ ഇവിടെ വന്നിരിക്കുന്നത് എന്നാണ് ആ വങ്കന്മാരുടെ വിചാരം. അവരുടെ പാട്ട് ആരുടെ ചെവിയും പൊട്ടിക്കും. ഒരു

പാത്രം വെള്ളം അവരുടെ മേൽ ഒഴിച്ചാലെന്താണെന്ന് എനിക്കു തോന്നാറുണ്ട്."

അമ്മ— അങ്ങിനെയൊന്നും ചെയ്യരുത്. അനാവശ്യമായി ശത്രുക്കളെയുണ്ടാക്കരുത്. അവർ കളിക്കുകയും പാടുകയും ചെയ്തുകൊള്ളട്ടെ. നിനക്കെന്താണ് കേടുപററിയത്? നീ നിൻെറ കാര്യം നോക്കിക്കൊ. അവരെത്ര താഴ്ന്നവരാണെങ്കിലും അവരുടെ സ്നേഹം സമ്പാദിക്കുന്നതു നല്ലതല്ലെ?

അമ്മ ചെന്ന് അവരുടെ മുറിയിൽ കിടന്നു. വൃഷളി അവരുടെ കാൽതിരുമ്മാൻ തുടങ്ങി. ആ യുവതിയും തൻെറ മുറിയിൽ ചെന്നിരുന്ന് ഒരു മാസിക വായിക്കുവാൻ തുടങ്ങി. അതു സിനിമയെസംബന്ധിച്ച്, ബൎമ്മഭാഷയിലുള്ള ഒരു മാസികയായിരുന്നു. ബൎമ്മയിൽ ഇമ്മാതിരി മാസികയുടെ വളരെ പ്രതികൾ അന്നു വിററിരുന്നു. ആ വിഷയം എല്ലാവക്കും പത്ഥ്യമായിരുന്നു.

ആ തെരുവിലെ നിവാസികൾ മിക്കവാറും സാധുക്കളും ഇടത്തരക്കാരുമായിരുന്നു. ഒരുത്തനും വേറൊരുവനെ വെറുക്കുവാനൊ, അസൂയപ്പെടുവാനൊ ഉണ്ടായിരുന്നില്ല. അതുകൊണ്ടു പുതുതായിവന്ന ഈ സ്ത്രീകളിലായിരുന്നു അവരുടെ ദൃഷ്ടിയെല്ലാം. പക്ഷെ അതിലുള്ള പുതുമ പോയിത്തുടങ്ങിയപ്പോൾ അവരെ ആരുംതന്നെ ഗണിക്കാതായി. പക്ഷെ ഒരാൾ അങ്ങിനെയല്ലായിരുന്നു. അതു മാങ്ങ്ഗിയായിരുന്നു. ഇവരെപ്പററി അറിയാനുള്ള ആഗ്രഹം അവന്നു ദിനംപ്രതി വദ്ധിച്ചുവന്നിരുന്നു. അവൻ ആ സുന്ദരിയുടെ ലാവണ്യത്തിൽ പെട്ടു മയങ്ങിയിരുന്നു. അവനൊരു സാധു ഗൃഹസ്ഥനായിരുന്നെങ്കിലും മേലിൽ കയററംകിട്ടുവാൻ തരമുള്ളവനായിരു

ന്നു. മുപ്പത്തു വയസ്സായെങ്കിലും അവന്റെ കല്യാണം കഴിഞ്ഞിട്ടില്ല. അഃമരിക്കൻസിനിമയിലല്ലാതെ തന്റെ മനസ്സിന്നു ചേൎന്നതായൊരു പെൺകുട്ടിയെ താൻ ഇതുവരേയും കണ്ടിട്ടില്ല. ഇതാ ഇപ്പോൾ അവന്നൊരു ഭാഗ്യോദയമുണ്ടായിത്തുടങ്ങി. ലക്ഷ്മണദാസന്റെ വീട്ടിൽ താമസിക്കുന്ന പെൺകുട്ടി സിനിമയിലെ സകലസുന്ദരിമാരേയും തോല്പിക്കും. അവളെപ്പററി എത്രവേണമെങ്കിലും വൎണ്ണിക്കാം. ഒരു ജന്മിയുടെ മകളായതുകൊണ്ടു സ—ത്തുണ്ടെന്നുപറയേണമെന്നില്ലല്ലോ. പക്ഷെ നമ്മുടെചെറുപ്പക്കാരൻ ഇതിനെ അത്ര ശക്തിമത്തായി കരുതിയിരുന്നില്ല. അവളുടെ സൌന്ദൎയ്യം അവന്റെ ഹൃദയത്തെ കവൎന്നിരുന്നു. ഒന്നുകിൽ അവളെ ഭാൎയ്യയായി കിട്ടുക, അല്ലെങ്കിൽ മരിക്കുക എന്നായിരുന്നു അവന്റെ തീൎച്ച.

വിശേഷവിധിയായി യാതൊരു സംഭവങ്ങളുമില്ലാതെതന്നെ ദിവസം കുറേകഴിഞ്ഞു. പുതുതായി വന്ന സ്ത്രീകൾ അന്നത്തെപ്പോലെതന്നെ ഇന്നും സമീപസ്ഥന്മാരോട് ഇടപഴകാതെതന്നെയാണ് കഴിച്ചത്. അവരെ കാണുമ്പോൾ അടുത്തുള്ള സ്ത്രീകൾ വല്ല ചോദ്യവും ചോദിച്ചാൽ അവർ ഒന്നോരണ്ടോ വാക്കല്ലാതെ മറുപടിപറയില്ല. പക്ഷെ അതു പറയുമ്പോളെല്ലാം അവർ ഒരു പുഞ്ചിരിയോടുകൂടി പറഞ്ഞിരുന്നതുകൊണ്ട് അവരുടെ പേരിൽ ഒരു കുററവും ആരോപിക്കാൻ തരമില്ല.

മാങ്ഗി പലശ്രമവും ചെയ്തുവെങ്കിലും അവരായി പരിചയപ്പെടുവാൻ അവന്നു സാധിച്ചില്ല. രാവിലേയും വൈകുന്നേരവും ആ സുന്ദരി പുറത്തുപോകുമ്പോൾ അവൻ തെരുവിൽ ഹാജരായിരിക്കും. അവൾക്കു സംഗതിവശാൽ അവനെക്കൊണ്ടു വല്ല ആവശ്യവു

മുണ്ടായാൽ അവൾക്കു് ഒരുപക്ഷെ അവൻെറ പേരിൽ ദയയുണ്ടാകും. പക്ഷെ അവൻെറ നിർഭാഗ്യത്തിന്നു യാതൊന്നുമുണ്ടാകുന്നതുമില്ല. അവളെ ദ്രോഹിക്കാൻ യാതൊരു ദുഷ്ടനും രംഗപ്രവേശം ചെയ്യുന്നില്ല. അവൾ വഴുക്കിവീഴുന്നില്ല. അവളുടെ കാർ ഒരു് അപകടത്തിൽ ചെന്നു ചാടുന്നതുമില്ല. അവൾ പലപ്പോഴും അവനെ നോക്കുന്നുണ്ടു്. പക്ഷെ ആ നോട്ടത്തിൽ യാതൊന്നും സ്ഫുരിച്ചിരുന്നതുമില്ല. എങ്കിലും അവനുണ്ടോ ഇതുകൊണ്ടു നിരാശപ്പെടുന്നു! അവൾക്കു് ഒരു കാമുകനുണ്ടു്; അല്ലെങ്കിൽ ഇത്രദിവസമായിട്ടും അവിടെയുണ്ടായിരുന്ന ചെറുപ്പക്കാരിൽ ആരെയെങ്കിലും അവൾ വശത്താക്കാതിരിക്കുമോ? യൌവനം തികഞ്ഞ ഒരു സ്ത്രീ ഇങ്ങിനെ യുവാക്കന്മാരോടു പെരുമാറുമോ? ഇതു് അസാധാരണമല്ലെ? ആ കാമുകനെ താൻ കാണണം. എന്നാൽ അവൻെറ കഥ തീൎന്നു. ബൎമ്മക്കാരനായ ഒരു യുവാവിന്നു കുത്തിക്കൊല്ലുന്നതു കേവലം പുതുതല്ല. തൻെറ ശത്രുവായ ആ കാമുകനെ കൊല്ലാതിരിക്കുന്നതു ലജ്ജാവഹമല്ലയോ? മാനക്ഷയമല്ലയോ?

പക്ഷെ അങ്ങിനെ ഒരുത്തനെ കണ്ടുപിടിക്കുന്നതു് എങ്ങിനെയാണു്? ഇവരെ കാണുവാൻ യാതൊരാളും വരുന്നില്ല. ആ യുവതി രാവിലേയും വൈകുന്നേരവും ക്രമമായി പോകുന്നതു തൻെറ കാമുകനെ കണ്ടു സല്ലപിക്കുവാനാണെന്നു മാങ്ങ്ഗി തീൎച്ചയാക്കി. ശരി, ഇതിലെന്താണു് പ്രവൎത്തിക്കേണ്ടതെന്നു് അവന്നറിയാം. ഒരു കാർ കൂലിക്കുവാങ്ങിയാൽ അവളുടെ പിന്നാലെ പോകാമല്ലൊ. എന്തെങ്കിലും കുറെ പണം ചിലവാകും. അതു സാരമില്ല. അവൻ തൻെറ ജീവനെത്തന്നെ ബലിക

ഴിക്കാൻ ഒരുങ്ങിയവനാണ്. അവൻെറ ജീവിതംതന്നെ ഇതിനെ ആസ്പദിച്ചാണിരിക്കുന്നത്.

മാങ്ഗ്ശി തൻെറ വിധവയായ അമ്മയോടുംകൂടി ഒരു വീടിൻെറ താഴത്തെനിലയിലാണ് താമസിക്കുന്നത്. അതിൽ ഒരു മുറിയും ഒരു അടുക്കളയും ഒരു കുളിമുറിയും മാത്രമേയുണ്ടായിരുന്നുള്ളു. ഈ ഒരു മുറി പകൽ സമയം ഒരു പൂമുഖമായും രാത്രി ഒരു കിടപ്പുമുറിയായുമാണുപയോഗിച്ചിരുന്നത്. ഇവൻ ഒരു ഇംഗ്ലീഷുപരിഷ്ക്കാരിയായിരുന്നതുകൊണ്ടു തൻെറ സ്നേഹിതന്മാർ വരുമ്പോൾ അവൻ കിടപ്പുമുറിയിലിരിക്കുന്നതു കണ്ടാൽ അതൊരു പോരായ്മയാണെന്നു വിചാരിച്ചിരുന്നു. അതുകൊണ്ടു കിടപ്പുസാമാനങ്ങളും പെട്ടികളും മററും പകൽ അടുക്കളയിലേക്കു മാററി അവിടെ ചില കസേരകൾ ഇടുകപതിവായിരുന്നു. രാത്രിയിൽ ഇവയെ ഒരു മൂലയിൽ കൂട്ടിവെച്ചാണ് ഇവർ മുറിയിൽ കിടന്നിരുന്നത്.

തൻെറ ദാരിദ്ര്യം അവനെ വളരെ മൌഢ്യപ്പെടുത്തിയിരുന്നു. തൻെറ ഹൃദയത്തിൽ കുടികൊള്ളുന്ന ആ ദേവിയെ എങ്ങിനെയാണ് ഇമ്മാതിരി ഒരു മുറിയിലേക്കു കൂട്ടിക്കൊണ്ടുവരുക. അവളുടെ അനുരാഗമെല്ലാം ഒരു ദിവസംകൊണ്ടു വാടിയുണങ്ങിപ്പോകില്ലേ? ഇങ്ങിനെ സങ്കടപ്പെടുന്നതിന്നിടയിൽ അവന് ഒരുത്സാഹം തോന്നും. അവളെ കല്യാണംകഴിച്ചാൽ തൻെറ ദാരിദ്ര്യവും നീങ്ങില്ലേ? അപ്പോൾ ഒരു നല്ല വീടു വാടകക്കു വാങ്ങാമല്ലൊ.

ഒരുദിവസം രാവിലെ അവൻ ചായകുടിക്കുകയായിരുന്നു. അന്ന് ആപ്പീസ്സുമുടക്കമുള്ള ദിവസമായതുകൊണ്ടു ബദ്ധപ്പെടാനൊന്നുമില്ല. വേറെ വിശേഷിച്ചൊരു

പണിയുമില്ലാതിരുന്നതുകൊണ്ട് അവൻ ദിവാസ്വപ്നം കാണുകയായിരുന്നു.

അതാ ഒരു കൂലിക്കുവിടുന്ന കാർ ലക്ഷ്മണദാസന്റെ വീടിന്റെ മുമ്പിൽ വന്നുനിന്നു. മാങ്ഗി ചാടിയെണീററു. ഇന്നെന്താ ഒരു കൂലിക്കുള്ള കാർ? അവരുടെ സ്വന്തം കാർ എവിടെയാണ്? അവൻ വേഗം ചെരിപ്പിട്ടു വഴിയിലേക്കിറങ്ങി. ആരാണ് അവിടെക്കു വന്നത്, ആരാണ് പുറത്തേക്കു പോയത്. എപ്പോൾ പോയി. എങ്ങിനെ പോയി. എന്നൊക്കെയും അവന് അറിയണം.

പക്ഷെ അവന് അധികം താമസിക്കേണ്ടിവന്നില്ല. ആ സുന്ദരി—മാസാൻ—വിശേഷപ്പെട്ട ഉടുപ്പുധരിച്ചു പുറത്തിറങ്ങി കാറിൽ കയറി. കാർ പുറപ്പെടാറായിയെന്നു കണ്ടപ്പോൾ മാങ്ഗിക്ക് ഒരുന്മാദമുണ്ടായി. ഇങ്ങിനെ ചെയ്യാൻ തക്കതായൊരു കാരണമുണ്ടായിരിക്കും. അവളെന്താണ് തനിയെ പോകുന്നത്? അവളുടെ അമ്മ എവിടെ? നിശ്ചയമായും അമ്മയെ അറിയിക്കാതെ അവൾ ചാടിപ്പോകുകയാണ്. സ്വകാര്യമായി ആരെയൊ അവൾക്കു കാണ്മാനുണ്ട്. ഏതായാലും അവളുടെ പിന്നാലെ പോകുവാൻ മാങ്ഗി തീർച്ചയാക്കി.

ഭാഗ്യത്തിനു തത്സമയം അവിടെ വേറൊരു കാർ വന്നുചേർന്നു. മാങ്ഗി ഒരു അടയാളം കാണിച്ച് അതിനെ നിത്തിച്ചു. ഉടനെ അതിനുള്ളിൽ ചാടിക്കയറി ഡ്രൈവരുടെ സമീപംതന്നെയിരുന്നു. പിന്നെ പറഞ്ഞു "അതാ ആ പോകുന്ന കാറിന്റെ ഒപ്പം പോണം. അതു പതുക്കെപ്പോയാൽ ഇതും പതുക്കെപ്പോണം. അതു വേഗത്തിലായാൽ ഇതും അങ്ങിനെതന്നെ. അതു ദൃഷ്ടിയിൽനിന്നു വിട്ടുപോകരുത്."

ഡ്രൈവർ ഒരു ശിഖനായിരുന്നു. ഇതു കേട്ടപ്പോഠം അവന്ന് ഒരു പുഞ്ചിരിയാണുണ്ടായത്. ഉടനെ മററെ കാറിൻെറ പിന്നാലെ തന്നെ വിട്ടു. മാങ്ങ്ഗി അവൻെറ സമീപത്തുതന്നെയിരുന്നു.

വളരെ തെരുവെല്ലാം കടന്നു. എങ്കിലും ഇവക്ക മററെ കാറിൻെറ ഒപ്പമെത്തുവാൻ സാധിച്ചില്ല. പട്ടണം കടന്നു നാട്ടുപുറത്തെത്തി. മാങ്ങ്ഗിക്ക് അതിശയംതോന്നിത്തുടങ്ങി. ഇവഠം എവിടെക്കാണ് പോകുന്നത്? ഇത് ഒരു കൌശലമൊ? കാമുകൻെറക്കൂടെ ഓടിപ്പോകയൊ? ഏതാണ്? രണ്ടാമതു പറഞ്ഞതാണെങ്കിൽ മാങ്ങ്ഗിയുടെ കാര്യം എടുക്കാനും കൊടുക്കാനുമില്ല. അവൻെറ കയ്യിൽ ആയുധമൊന്നുമില്ല. പോരെങ്കിൽ തനിയേയുമാണ്. താൻ ഏററവും സ്നേഹിച്ചവളെ വേറൊരുവൻ-കൊണ്ടുപോകുന്നതു നോക്കിക്കൊണ്ടിരിക്കുകയല്ലാതെ ഒന്നും ചെയ്യാൻ അവനു സാധിക്കില്ല.

അതാ മുമ്പിൽ പോകുന്ന കാർ നിന്നു. മാങ്ങ്ഗിയും തൻെറ കാർ നിത്തി. അതാ ഒരു വലിയ വീട്. അത് ആരുടേതാണെന്ന് അവന്നറിയാം. അവന് അത്ഭുതംതോന്നി. അതൊരു ധനികനായ ഗുജറാത്തിയുടെ വീടാണ്. അവൻ പട്ടണത്തിലെ വലിയ ഒരു രത്നവ്യാപാരിയാണ്. പക്ഷെ അയാഠക്കു വയസ്സു കുറെയായിട്ടുണ്ട്. പോരെങ്കിൽ ഭാര്യയുമുണ്ട്. കുറെ മക്കളുമുണ്ട്. ഈ ബമ്മക്കാരിക്ക് അയാളുമായി എന്തൊരു കാര്യമാണ്? അവഠം പണത്തിന്നുവേണ്ടി തൻെറ പാതിവ്രത്യം ബലികഴിക്കുകയാണൊ? അവഠം ഇത്ര നീചയാണൊ? ചന്ദ്രസൂര്യന്മാരെക്കൂടി അവമാനിക്കാൻ കെൽപ്പുള്ള ഈ സുന്ദരി ഇങ്ങിനെ ചെയ്യുകയൊ? ഒരുപക്ഷെ അവഠം

ഒരു വ്യഭിചാരിണിയായിരിക്കുമൊ? ഈ നീചലോകത്തിൽ എന്തൊന്നാണ് നടക്കാത്തത്?

അവൾ കാറിൽനിന്നിറങ്ങി വീടിൻെറ ഉള്ളിലേക്കു കടന്നു. മാങ്ങ്ഗിയും ഇറങ്ങി. കാറിനെ താമസിക്കുവാൻ പറയേണ്ട ആവശ്യം ഇനിയില്ല. അവളുടെ വരവ് ഇന്ന സ്ഥലത്തേക്കാണെന്ന് ഇപ്പോൾ മനസ്സിലായല്ലൊ. മടക്കത്തിൽ തീവണ്ടിയിലൊ, റിക്ഷയിലൊ പോകാമല്ലൊ. വണ്ടിവാടക കൊടുത്ത് അതിനെ മടക്കി അവൻ വഴിയിൽ അങ്ങുമിങ്ങും നടക്കുവാൻ തുടങ്ങി. അവന് ഈ കാൎയ്യത്തിൽ യാതൊന്നുമില്ലെന്ന ഭാവത്തിൽ നടന്നതിനാൽ അവനെപ്പററി ആരും അത്ര ഗണിച്ചില്ല. അവനു വളരെനേരം താമസിക്കേണ്ടിവന്നില്ല. അവൾ വീട്ടുടമസ്ഥൻെറകൂടെ അരമണിക്കൂറിലകം പുറത്തേക്കു വന്നു. അവൻെറ മുഖത്ത് ഒരു പുഞ്ചിരിയുണ്ടായിരുന്നു. അവൾക്കും വളരെ സന്തോഷമുണ്ടായിരുന്നു. മാങ്ങ്ഗിയുടെ തല ചുററുവാൻ തുടങ്ങി. അവൻെറ കയ്യിൽ ആയുധമൊന്നുമുണ്ടായിരുന്നില്ല. അല്ലെങ്കിൽ ആ ഗുജറാത്തിയെ അപ്പോൾതന്നെ അവൻ കൊല്ലുമായിരുന്നു. (തുടരും)

ഇ. ഐ. പങ്ങിഅച്ചൻ ബി. എ., എൽ. ടി.

## ചരമം

### ൧. പുന്നശ്ശേരിനമ്പി നീലകണ്ഠശൎമ്മ

വള്ളുവനാട്ടു താലൂക്ക പെരുമുടിയൂരംശം ഈങ്ങയ്യൂർ ദേശത്തു പുന്നശ്ശേരിയിൽ ൧൦൩൩-ാമാണ്ടു മിഥുനമാസം ൪-ാംനു- നാരായണൻനമ്പി അവർകൾക്കുണ്ടായ സൽ

സന്താനമാണ് ബ്രഹ്മശ്രീ നീലകണ്ഠശൎമ്മാ അവൎകൾ.
വാസനാവിശേഷത്താലും ധിഷണാബലത്താലും ഇദ്ദേ
ഹം യൌവനത്തിൻെറ ആരംഭത്തോടുകൂടിത്തന്നെ സൎവ്വ
തന്ത്രസ്വതന്ത്രനായിത്തീരുകയും അവയെ ലോകോപകാ
രാൎത്ഥം പ്രയോഗിച്ചുതുടങ്ങുകയുംചെയ്തു. സംസ്കൃതപാഠശാ
ല, ആയുൎവ്വേദവൈദ്യശാല, ഔഷധശാല, മുദ്രാക്ഷരശാല,
ചിന്താമണിപത്രശാല, അനാഥരക്ഷാശാല ഇങ്ങിനെപ
ലശാലകളും നമ്പിഅവൎകൾ സ്ഥാപിച്ചിട്ടുണ്ട്. ശിഷ്യ
സമ്പത്തുകൊണ്ടു ദ്രോണാചാൎയ്യനെപ്പോലും "ചിത്ത
ത്തിലൊരുബഹുമാനവും" നമ്പിക്കില്ല എന്നുപറഞ്ഞാൽ
അതൊട്ടുംതന്നെ അതിപ്രശംസയായിത്തീരുന്നതല്ല. ശി
ഷ്യന്മാരെ ദ്രവ്യംകൊണ്ടും ഇദ്ദേഹം സഹായിച്ചിരുന്നു.
ഗുരുശബ്ദം നമ്പിശബ്ദത്തിൻെറ ഒരു പൎയ്യായമായിപ്പരി
ണമിച്ചു എന്നുപറഞ്ഞാൽ കഴിഞ്ഞുവല്ലൊ. ഈ പണ്ഡി
തൻ സംസ്കൃതഭാഷയിൽ വളരെ വിശിഷ്ടഗ്രന്ഥങ്ങൾ വി
രചിച്ചിട്ടുണ്ട്. ഉപയോഗയോഗ്യങ്ങളായ പല സംസ്കൃ
തഗ്രന്ഥങ്ങൾക്കും ഭാഷാവ്യാഖ്യാനങ്ങളും എഴുതീട്ടുള്ള
സംഗതി സാമാന്യം മലയാളികൾക്കെല്ലാം അറിയാവു
ന്നതാണല്ലൊ. അഖണ്ഡബ്രഹ്മചൎയ്യം അനുഷ്ഠിച്ചുപോ
രുന്നവരുടെ ബുദ്ധിശക്തിക്കു യാതൊരു തടവും സംഭവി
ക്കുകയില്ലെന്നാണ് ശാസ്ത്രസിദ്ധാന്തം. ഈ മഹാനുഭാ
വൻെറ വാചാപ്രസംഗങ്ങൾ പണ്ഡിതപാമരഭേദമെ
ന്യെ സകലരേയും അത്ഭുതാധീനരാക്കുന്നതാണ്.

പ്രസംഗത്തെപ്പററി ചങ്ങനാശ്ശേരി രവിവൎമ്മകോ
യിത്തമ്പുരാൻതിരുമനസ്സുകൊണ്ടും വെണ്മണി മഹൻന
മ്പൂരിപ്പാട്ടതിരുമനസ്സുകൊണ്ടും ഉണ്ടാക്കീട്ടുള്ള ഓരോ
ശ്ലോകം യഥാക്രമം താഴെ ചേൎക്കുന്നു:—

"രണ്ടായിരം രസന കണ്ഠതലത്തിലുള്ള
തണ്ടാർദളാക്ഷനുടെ തല്പമതാം ഫണിക്കും
ഉണ്ടാകയില്ലിതുകണക്ക സദസ്യരൊക്കെ-
ക്കൊണ്ടാടുമാറൊരു നിരർഗ്ഗളവാഗ്വിലാസം."

"മന്നെല്ലാം നിജകീർത്തിപൂർത്തിയതിനാൽ
പാരിച്ച പാലിക്കുമീ-
പ്പുന്നശ്ശേരിയിൽ നമ്പിതൻെറ സരസ-
ച്ചൊല്ലിന്നു കില്ലെന്നിയേ
നന്ത്യാ നാട്ടു ജയിച്ചുവെന്നറികയാൽ
വന്നെന്നെയും വെന്നുപോ-
മെന്നോർത്താഗ്ഗുരു ചിത്തവും കിടുകിടു-
ത്തീടുന്നു വാടുന്നു പോൽ."

പ്രായേണ കവികൾക്കു കാര്യസ്ഥത കുറവായിട്ടാണ് കണ്ടുവരുന്നത്. എന്നാൽ ഈ സംഗതിയിൽ നമ്പിയുടെ നില വ്യത്യസ്തമായിരുന്നു. ഇപ്പോൾ ഉത്തമരീതിയിൽ നടത്തപ്പെട്ടുപോരുന്ന 'സാരസ്വതദ്യോതിനി' കോളേജ് ഇദ്ദേഹത്തിൻെറ പരിശ്രമത്തിൻേറയും രാജാക്കന്മാരുടേയും പ്രഭുക്കന്മാരുടേയും മററും സഹായസഹകരണങ്ങളുടേയും ഫലമാണല്ലൊ. മലയാളിടാഗോർ, കേരളകാളിദാസൻ എന്നിങ്ങിനെ ഓരോരുത്തരെ അവരവരുടെ സരസ്വതീപ്രസാദംപോലെ പറഞ്ഞുവരുന്നമാതിരിയല്ല ഇദ്ദേഹത്തിനു 'മലയാളമാളവ്യജി' എന്ന സ്ഥാനം നല്കുന്നത്.

നമ്പി അവർകൾ സൽഗ്ഗുണസമ്പന്നനായിരുന്നു എന്നുവരികിലും അദ്ദേഹവും ഈ ചിങ്ങം ൧൯-ാംനു-ശനിയാഴ്ച ഉച്ചതിരിഞ്ഞു നാലേമുക്കാൽമണിക്ക് എഴ

പത്തേഴാമത്തെ വയസ്സിൽ ഇഹലോകവാസം വെടിഞ്ഞതിൽ 'ലക്ഷ്മീഭായി'മാസികയ്ക്കുള്ള മനശ്ശല്യം ഒരുവിധത്തിലും തീരുന്നതല്ല. ശാശ്വതപദപ്രാപ്തിക്കവകാശിയായ ഈ പുണ്യശ്ലോകന്റെ അഭാവത്താലുണ്ടായിട്ടുള്ള നഷ്ടത്തെ ശിഷ്യവൎഗ്ഗം പരിഹരിച്ചുകൊള്ളുമെന്നു വിശ്വസിച്ചു സമാശ്വസിച്ചുകൊള്ളുന്നു.

---

## ൧. ചെങ്കളത്ത് കുഞ്ഞിരാമമ്മേനോൻ.

ബ്രിട്ടീഷ് മലബാറിൽ സ്വകാൎയ്യാവശ്യത്തിന്നു വല്ല പാതിരിമാരും പത്രം നടത്തി പ്രാഥമ്യം കൈക്കലാക്കീട്ടുണ്ടായിരിക്കാമെങ്കിലും വൎത്തമാനപത്രം എന്ന നാമധേയം അന്വൎത്ഥമാക്കിത്തീൎത്തതു 'കേരളപത്രിക'യാകുന്നു. കൈക്കൂലി, സേവ, ശുപാൎശി, സമ്പാദ്യം, യശസ്സ്, അധികാരവലിപ്പം മുതലായവയെ തിരസ്കരിച്ചു രാജ്യസേവനത്തെ പുരസ്കരിച്ചു നാല്പത്തെട്ടുകൊല്ലം ഉത്തമരീതിയിൽ പത്രം നടത്തി കേരളീയരുടെ കൃതജ്ഞതയ്ക്കു പാത്രീഭവിച്ച മഹാത്മാവാണ് റാവുസാഹിബ് ചെങ്കളത്ത് വലിയ കുഞ്ഞിരാമമ്മേനോൻ ബി. എ. അവർകൾ. ഇദ്ദേഹം ഇതുവരെ ഉണ്ടായിട്ടുള്ള കേരളീയപത്രാധിപന്മാരുടെയെല്ലാം കാരണവരും മാൎഗ്ഗദൎശിയുമായിരുന്നു എന്ന സംഗതിയിൽ ആൎക്കും അഭിപ്രായവ്യത്യാസമുണ്ടാകുമെന്നു തോന്നുന്നില്ല. കേസരി എന്ന അപരനാമധേയത്താൽ സുപ്രസിദ്ധനായ വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ, പറങ്ങോടീപരിണയകൎത്താവായ കിഴക്കേപ്പാട്ട് രാമൻകുട്ടിമേനോൻ മുതലായ സാഹിത്യമൎമ്മജ്ഞന്മാരുടെ ലേഖനങ്ങൾക്കു കേളീസങ്കേതസ്ഥാനമായിരുന്നു പത്രിക. കൈക്കൂലിക്കാരേയും കൊള്ളക്കാരേയും

അമത്തി നാട്ടാക്ക പുഷ്ടിയും തുഷ്ടിയും നല്കിയ ഇദ്ദേഹത്തിന്റെ യോഗ്യതകഠം ബ്രിട്ടീഷ് അധികൃതന്മാർ അറിഞ്ഞുവശായിട്ടുണ്ടെന്ന് . ഈ പത്രാധിപവയ്യനെ ൧൯൧൦-ൽ ലണ്ടനിൽവെച്ചു നടത്തപ്പെട്ട അഖിലലോകപത്രസമ്മേളനത്തിൽ ഭാരതവഷത്തിലെ ഒരു പ്രതിനിധിയുടെ നിലയിൽ തിരഞ്ഞെടുത്തയച്ചതിൽനിന്ന് അറിയാവുന്നതാണല്ലൊ. പണ്ടൊരു 'വിദ്വാൻ' ശുണ്ഠിയെടുത്തു മാന്യനായ ഈ പത്രാധിപരെ അധിക്ഷേപിച്ച് ഒരു ലേഖനം 'പത്രിക'യ്ക്കയയ്ക്കുകയും പത്രാധിപർ വള്ളിപുള്ളിവിസർഗ്ഗങ്ങഠക്കപോലും യാതൊരു മാററവും വരുത്താതെ അതു പ്രസിദ്ധപ്പെടുത്തി ആ ലക്കത്തിൽത്തന്നെ മറുപടി പറഞ്ഞു പ്രതിയോഗിയെ 'ഇളിഞ്ഞപന്ത്ര ണ്ടാ'ക്കുകയും ചെയ്ത സംഗതിപലക്കും അറിവുള്ളതാണ്. അകൃത്രിമവും അതിലളിതവുമായ വാക്യങ്ങഠകൊണ്ട് ഏതു വങ്കാൎയ്യവും ക്ലിഷ്ടത കൂടാതെ പ്രതിപാദിപ്പാനുള്ള സാമൎത്ഥ്യം ഇദ്ദേഹത്തെപ്പോലെ അധികംപേക്ക സിദ്ധിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. വാദ്ധക്യത്താലും നിരന്തരമായ പരിശ്രമക്ലേശത്താലും ഈ പത്രാധിപശ്രേഷ്ഠൻ രണ്ടുമൂന്നുവഷമായി രോഗാധീനനായി ചാലപ്പുറത്തുള്ള സ്വഭവനത്തിൽ കിടപ്പായിരുന്നു .കളത്രപുത്രമിത്രാദികളുടെ പരിചൎയ്യയാലും വൈദ്യശ്രേഷ്ഠന്മാരുടെ ചികിത്സയാലും രോഗത്തിന്നു യാതൊരു ശമനവും ഉണ്ടായില്ല. വയസ്സ് എഴുപത്തെട്ടു കഴിഞ്ഞുപോയി. ഇവിടുന്നങ്ങേപ്പുറം പറവാൻ ശക്തിപോരാത്തതിനാൽ ൧൧൧ ചിങ്ങം ൨൧-ാംനു നല്ലോണം മുഴുവനും അനുഭവിച്ചു കഴിഞ്ഞു എന്നുമാത്രം പ്രസ്താവിച്ചുകൊള്ളുന്നു.

# പണം അടച്ചവരുടെ പേരും വരവു സംഖ്യയും

| | | |
|---|---|---|
| മഹാറാണി സേതു പാർവ്വതീഭായി തിരുമനസ്സുകൊണ്ട് | | 2 |
| ഇക്കാവ് അമ്മതമ്പുരാൻ എം. എ. (ഓണേഴ്സ്) | | 2 |
| ശ്രീമതി | കാർത്തികതിരുനാൾ അമ്മതമ്പുരാൻ അനന്തപുരം കൊട്ടാരം | 2 |
| ,, | എം. ഭാഗീരഥി അമ്മതമ്പുരാൻ ശാരദാമന്ദിരം, ചാഴൂർ | 2 |
| ,, | സി കെ. കൊച്ചമ്മിണിത്തമ്പുരാൻ | 2 |
| ,, | കൊല്ലങ്കോട്ട വലിയറാണി | 5 |
| ,, | അമ്മുക്കുട്ടിതമ്പാട്ടി, നിലമ്പൂർ | 2 |
| ,, | പാലിയത്ത് ഓമനക്കുഞ്ഞമ്മ | 2 |
| ,, | പാർവ്വതി അമ്മച്ചി, തട്ടുങ്കൽതാഴെവീട് | 4 |
| ,, | കെ. ലക്ഷ്മിക്കുട്ടിയമ്മ, ചന്ദ്രവിലാസ് | 2 |
| ,, | എം. കെ. കോവിലമ്മ, മാരികുപ്പം | 2 |
| ,, | എഴുത്തശ്ശൻകളത്തിൽ അമ്മാളുക്കോവിലമ്മ | 2 |
| ,, | മുള്ളത്ത് അമ്മുണ്ണിക്കോവിലമ്മ | 2 |
| ,, | മടത്തിക്കണ്ടി കല്യാണിഅമ്മ | 2 |
| ,, | വി. എം. മാധവിക്കുട്ടിവാരസ്യാർ | 1 |
| ,, | വി. കുഞ്ഞിക്കാവമ്മ, വെട്ടത്തു പുത്തൻവീട് | 1 |
| ,, | ഹേഡ്മിസ്ട്രസ്സ് വി എച്ച്. സ്കൂൾ, പേട്ട | 2 |
| ,, | പള്ളിയിൽ കമലം അമ്മ | 2 |
| ,, | ലേഡീസ് ക്ലബ്ബ് സിക്രട്ടരി, പൊള്ളാച്ചി | 1 |
| ,, | ഹേഡ്മിസ്ട്രസ്സ്, മാവേലിക്കര ഗാൾസ് മിഡിൽസ്കൂൾ | 2 |
| ,, | ഹേഡ്മിസ്ട്രസ്സ്, ഫയർഫ്രെഡ് ട്രയിനിംഗ് സ്കൂൾ | 2 |
| ,, | കിഴക്കേ തോട്ടക്കാട്ടു കൊച്ചുകുട്ടിയമ്മ | 2 |
| ,, | വി. കെ. മീനാക്ഷിയമ്മ, ചേന്നമംഗലം | 2 |
| ,, | വി എം. ലക്ഷ്മിക്കുട്ടിയമ്മ, മച്ചിങ്ങൽലെയിൻ | 2 |
| ,, | സിക്രട്ടരി, എം. എം. ഗാൾസ് ഹൈസ്കൂൾ വാ ശാല | 2 |
| ,, | ലേഡി രാജഗോപാലാചാരി, അംബുജവിലാസം | 2 |
| മിസിസ് | എൽ. ജാനമ്മ കുറുപ്പ്, ജാനുവിലാസ് | 3—4 |
| ,, | കെ. പി. കൃഷ്ണമേനോൻ, വെപ്പറി | 2 |
| ,, | എ. ആർ. പുതുവാൾ | 2 |
| ,, | മച്ചിങ്ങൽ ശങ്കരമേനോൻ | 2 |
| ,, | വി കെ ശങ്കരമേനോൻ, കിഴക്കേസ്രാമ്പി | 2 |
| ,, | കെ ആർ രവിവർമ്മ, തിരുവട്ടാറമ്മവീട് | 8 |
| ,, | മാത്തൂർ എൻ. കെ. പണിക്കർ | 3 |
| ,, | തങ്കമ്മ കുഞ്ഞൻപിള്ള ബി. എ, കാരാപ്പുഴ | 2 |
| ,, | പാട്ടത്തിൽ പത്മനാഭമേനോൻ | 2 |
| ,, | പി. ആർ. പരമേശ്വരൻപിള്ള, ലക്ഷ്മിനിവാസ് | 2 |
| ,, | അനന്തൻപിള്ള, കോവിലകത്തു പറമ്പുവീട് | 2 |

## പണം അടച്ചവരുടെ പേരും വരവു സംഖ്യയും

| | | |
|---|---|---|
| മിസിസ് | കെ. കുഞ്ഞിശ്ശങ്കരൻനായർ, ഒല്ലൂക്കര | 2 |
| ,, | രവിവൎമ്മതമ്പുരാൻ, തൃപ്പൂണിത്തുറ | 2 |
| ,, | പാറക്കാട്ടു ബാലഗോപാലമേനോൻ | 2 |
| ,, | ഉണ്ണിത്താൻ, രാമനാട് | 3 |
| ,, | കെ വേലായുധൻപിള്ള, പറവൂർ | 1 |
| ,, | ടി. ആർ നാരായണൻനമ്പ്യാർ, എഗ്മൂർ | 2 |
| ,, | കെ. എം. നമ്പ്യാർ, ആനന്ദവില്ലാ കോട്ടേജ് | 4 |
| ,, | കെ. രാമന്മേനോൻ, പൈങ്കുളം | 2 |
| ,, | വി. രാമകൃഷ്ണപിള്ള, തോപ്പുവീട് | 2 |
| മ. രാ. രാ. | കരിമ്പാറ കൊച്ചുണ്ണിമേനോൻ ബി. എ. അവർകൾ | 2 |
| ,, | മാവേലിക്കര ഉദയവൎമ്മതമ്പുരാൻ ബി എ | 2 |
| ,, | എം. രാജരാജവൎമ്മതമ്പുരാൻ എം. എ, ബി. എൽ. | 2 |
| ,, | പൂഞ്ഞാറ്റിൽ രാമവൎമ്മതമ്പുരാൻ | 5 |
| ,, | കടത്തനാട്ടു വലിയതമ്പുരാൻ | 2 |
| ,, | പാലക്കാത്ത് കൃഷ്ണമേനോൻ ബി എജി | 2 |
| ,, | പ്രിൻസിപ്പാൾ, സെന്തോമാസ് കോളേജ് | 2 |
| ,, | സി. എം. വക്കി, ഇസ്ഫീൽഡ് എസ്റ്റേറ്റ് | 2 |
| ,, | സി. വി മുത്തുപ്പിള്ള ബി എ, എൽ. ടി. | 3 |
| ,, | എ. കുഞ്ചുത്തിരുപ്പാട്, മാവേലിക്കര | 2 |
| ,, | സി കെ. കൃഷ്ണപിള്ള, വക്കീൽ | 1 |
| ,, | പി. ജി. ഗോവിന്ദപ്പിള്ള ബി എ, ബി എൽ | 2 |
| ,, | എൻ. എസ്. ഗോപാലപിള്ള, പറവൂർ | 2 |
| ,, | ആണേലിൽ ഗോവിന്ദമേനോൻ | 2 |
| ,, | പാലിയം ഹൈസ്കൂൾ ഹേഡ്മാസ്റ്റർ | 2 |
| ,, | വി. കെ. നാരായണപിള്ള ബി എ, ബി എൽ | 1 |
| ,, | പി. ജി. നായർ, റംഗൂൺ | 4 |
| ,, | കോരങ്ങാട്ടു രാമൻകുട്ടിനായർ ബി എ | 4 |
| ,, | ഡോക്ടർ പി കുഞ്ഞൻനായർ | 4 |
| ,, | വി. എസ്. ശങ്കരപ്പിള്ള | 1 |
| ,, | എസ്. കൃഷ്ണപിള്ള | 1 |
| ,, | വക്കീൽ കെ. നാരായണപിള്ള | 2 |
| ,, | സി. എസ്. നാരായണയ്യർ ബി എ, എൽ ടി | 2 |
| ,, | യു. ഗോവിന്ദൻനായർ ബി എ ബി എൽ | 2 |
| ,, | എൻ. മാധവൻപിള്ള ബി എ ബി എൽ | 2 |
| ,, | സി. എസ്. നാരായണപിള്ള ബി എ | 2 |
| ,, | പി. ശങ്കരമേനോക്കി (തുടരും) | 4 |